# ക്രൈസ്തവ വനിത

September - October 2018



A fundamental Christian bi-monthly publication of the women, by the women, for the women

2018
September-October

Volume XI
Issue 5

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിക്കാഞ്ഞവർ – മേരി അഞ്ചൻ 1
- ചെങ്കടൽതീരത്തു നിന്നു കരയുന്ന മോശെ - എൽസി ബേബി 3
- കാത്തിരിക്കുന്ന കർത്താവ് - ജെസി ബെൻസെൻ 5
- സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ - അന്നമ്മ സി. ജോൺ 6
- നിന്റെ ഉച്ചാരണം നിന്നെ വെളിവാക്കുന്നു - മേരി അഞ്ചൻ 8
- ശിക്ഷാവിധിയോ ബാലശിക്ഷയോ? - പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ 9
- ലക്ഷ്യം - ഡോ. കുഞ്ഞുമോൻ ചാക്കോ 12
- ദൈവഭക്തിയുള്ള മാതാവ് - യോഹന്നാൻ എബ്രഹാം 15
- യോഗ്യമായ വസ്ത്രം: തിരുവിതാംകൂറിനു ക്രൈസ്തവരുടെ സംഭാവന - റവ. എ. ജെ. ജോൺ 17
- വിശ്വാസത്തിനുവേണ്ടി പോരാടുക - ഡോ. ചാൾസ് ജോൺ 20
- അനുഭവസാക്ഷ്യം - റ്റി. കെ. മുസ്തഫ cover 3
- Quest -62 cover 4


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Chief Editor
Mrs. Annamma C. John
Associate Editor
Mrs. Mary Anchan

Telephone: 0471-2542870
E-mail: annjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിക്കാഞ്ഞവർ



**"മ**രണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല" (വെളി.12:11). ക്രിസ്തുവിനും, ക്രിസ്ത്യാനികൾക്കും എതിരായി നടക്കുന്ന പ്രഭാഷണങ്ങൾ, പ്രതിവാദങ്ങൾ, ലേഖനങ്ങൾ മുതലായവ വിവിധ മാധ്യമങ്ങളിൽകൂടെ പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു ബലഹീനവിശ്വാസികളിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുവാൻ ഈ കൂട്ടർ അശ്രാന്ത പരിശ്രമം നടത്തുന്നു.

ആദിമക്രിസ്തീയ സഭയുടെ ചരിത്രം അതിക്രൂരമായ മതപീഡകളുടെ ചരിത്രം തന്നെയാണ്. പുറജാതി റോമൻ ചക്രവർത്തിമാർ, മഹമ്മദീയർ മുതലായവരിൽനിന്നും ക്രിസ്ത്യാനികൾ അനുഭവിച്ച പീഡകൾ അവർണ്ണനീയമാണ്. റോമൻ കത്തോലിക്കരുടെ കുപ്രസിദ്ധ ഇൻക്വിസിഷനിലെ (Inquisition) മൃഗീയമായ മതപീഡയ്ക്കു ചുക്കാൻപിടിച്ചത് പോപ്പായിരുന്നു. നീറോ ചക്രവർത്തിയുടെ അതിവിശാലമായ തോട്ടത്തിന് വെളിച്ചം നല്കാൻ മെഴുകിൽ പൊതിഞ്ഞ തുണിയിൽ ചുറ്റി തീകൊളുത്തി ദീപസ്തംഭങ്ങളായി ഉപയോഗിച്ചത് ക്രിസ്ത്യാനികളെ ആയിരുന്നു. ഇവയിൽകൂടെ എല്ലാം ക്രിസ്തുവിലുള്ള വിശ്വാസവും, വിശ്വാസികളും വർദ്ധിക്കുകയാണ് ചെയ്തത്.

മാർക്കസ് ഒറേലിയസ് (Marcus Aurelius) ചക്രവർത്തിയുടെ ഭീകര മതപീഡയെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഒരിക്കൽ, ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് ചക്രവർത്തിയുടെ പ്രതിമയെ നമസ്കരിക്കാത്ത നാല്പതു ക്രിസ്ത്യാനികളോട് ഒരു രാത്രിയിൽ മഞ്ഞുകട്ട നിറച്ച തടാകത്തിൽ നഗ്നരായി നില്ക്കുവാൻ ആജ്ഞാപിച്ചു. "നിങ്ങളുടെ നസറായനായ ദൈവത്തെ ത്യജിക്കുന്നതുവരെ അവിടെ നില്ക്കൂ'' എന്ന് ആക്രോശിച്ചു. ''ക്രിസ്തുവേ, നിനക്കായി പോരാടി, വിജയശ്രീലാളിതരായി, കിരീടം പ്രാപിപ്പാനായി ഞങ്ങൾ നാല്പതു യോദ്ധാക്കൾ ഇതാ മുമ്പോട്ടു വരുന്നു" എന്ന് ആർത്തുപാടിക്കൊണ്ട് ആ തടാകത്തിലേക്ക് നഗ്നരായി ഇറങ്ങി നിന്നു. കുറെ സമയത്തിനുശേഷം മരവിച്ചുകൊണ്ടിരുന്ന ശരീരത്തിന്റെ വേദന സഹിക്കവയ്യാതെ ഒരാൾ കരയിലേക്ക് ഓടിക്കയറി വസ്ത്രം ധരിച്ച്, ക്ഷേത്രത്തിനുള്ളിൽ കടന്ന് ചക്രവർത്തിയുടെ പ്രതിമയെ നമസ്കരിച്ചു. ശേഷിച്ച 39 പേരുടെ വിശ്വാസവും ധൈര്യവും വീക്ഷിച്ച റോമൻ പടയാളി ആയിരുന്ന ക്യാപ്റ്റൻ തന്റെ യൂണിഫോം (Uniform) അഴിച്ചുവച്ചിട്ട് വിവസ്ത്രനായി ഒഴിഞ്ഞുകിടന്ന സ്ഥാനത്തു പോയി നിന്നു. പ്രഭാതസൂര്യന്റെ രശ്മികളിൽ വിശ്വാസത്തിനു വേണ്ടി പ്രാണത്യാഗം വരിച്ചവരുടെ 40 ജഡങ്ങൾ മഞ്ഞുകട്ടയ്ക്കുള്ളിൽ മരവിച്ചു കിടക്കുന്നത് കാണപ്പെട്ടു. അവരുടെ ആത്മാക്കളോ കിരീടം പ്രാപിപ്പാനായി നിത്യതയിലേക്കുപോയി.

രണ്ടായിരം വർഷങ്ങൾക്കിടയിൽ അനേകസഹസ്രം സ്ത്രീപുരുഷന്മാർ തങ്ങളുടെ അതിമഹത്തായ വിശ്വാസത്തിനു വേണ്ടി ജീവനെ അർപ്പിച്ചു. ക്രിസ്തുവിനും ക്രിസ്ത്യാ

നികൾക്കും നേരെ ഉന്നയിക്കപ്പെട്ട തീയമ്പുകൾക്ക് ഈ വിശ്വാസത്തെ നശിപ്പിക്കുവാൻ കഴിഞ്ഞില്ല. പ്രത്യുത, ജീവനുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളെ നശിപ്പിക്കുവാൻ സാത്താന്യ ശക്തികൾക്കു അസാധ്യമാണ്.

പ്രിയ സഹോദരിമാരേ, കാലം അധികമില്ല. നമുക്ക് ഉണരാം, പ്രാർത്ഥിക്കാം, പ്രവർത്തിക്കാം. ഈ നാളുകളിൽ വിവിധമാദ്ധ്യമങ്ങളിൽകൂടെ "ക്രിസ്തുമത" വിരോധികൾ ക്രിസ്തുവിനും, ക്രിസ്ത്യാനികൾക്കും, വിശുദ്ധവേദപുസ്തകത്തിനും എതിരെ നടത്തുന്ന ആക്രമണങ്ങൾ കണ്ടാൽ ഇത് അക്കൂട്ടരുടെ ജീവിതോദ്ദേശ്യമാണെന്നു തോന്നിപ്പോകും! വളരെ ഖേദകരം തന്നെ. "തീയിൽ കുരുത്തതു വെയിലത്തു വാടുകയില്ലല്ലോ".

"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് സകല ഭാരവും, മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.'' (എബ്രായർ 12:1, 2).

യുക്തിവാദികളുടെയും, നാസ്തികരുടെയും, മതഭ്രാന്തന്മാരുടെയും പ്രവർത്തനങ്ങൾ പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു നിർമ്മല വിശ്വാസസത്യങ്ങൾക്കുവേണ്ടി പോരാടുവാൻ കർത്താവു നമുക്കു കൃപ നല്കട്ടെ.

***മേരി അഞ്ചൻ, തുംകൂർ***
അസോഷ്യേറ്റ് എഡിറ്റർ

---

## Quest 61-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. നിഥിൻ എം. എം. പാണൻവിള, തിരുവനന്തപുരം
2. ഓമന ജോൺ, പോങ്ങുംമൂട്, തിരുവനന്തപുരം
3. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
4. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
5. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
6. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
7. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി.
8. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
9. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
10. വത്സമ്മ സാം, മരുതൂർ, തിരുവനന്തപുരം
11. സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
12. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
13. ബീനാ സുരേഷ്, പുറവൂർകോണം, കരകുളം
14. ബിന്ദു സി. എസ്. വഞ്ചിയൂർ, തിരുവനന്തപുരം
15. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
16. മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ
17. ബ്ലെസ്സി കെ. ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട.

Quest 61 - ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. മുഴുവൻ ശരി ഉത്തരങ്ങൾ അയച്ച ഏവർക്കും ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ - *ക്വിസ് മാസ്റ്റർ*

# ചെങ്കടൽ തീരത്തു നിന്നു കരയുന്ന മോശെ

എൽസി ബേബി, ന്യൂ യോർക്ക്



**കു**ഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട യിസ്രായേൽ ജനം പാലും തേനും ഒഴുകുന്ന കനാൻ ദേശത്തെത്തുവാനുള്ള ആർത്തിയോടെ മിസ്രയീമ്യ അടിമത്തത്തിൽ നിന്നും പുറപ്പെട്ട് ചെങ്കടൽ തീരംവരെ എത്തിയ കഥ നമുക്കറിയാം. പകൽ മേഘസ്തംഭമായും രാത്രി അഗ്നിസ്തംഭമായും യിസ്രായേലിന്റെ ദൈവത്തിന്റെ ശാശ്വതഭുജങ്ങളിലാശ്രയിച്ചും, ആശ്വസിച്ചുമുള്ള മരുഭൂയാത്ര എത്ര ഉല്ലാസകരമായിരുന്നു. എന്നാൽ അവരുടെ യാത്ര മുടങ്ങി എന്നു തോന്നത്തക്കവിധം ഭയാനകമായ ഒരനുഭവമായിരുന്നു അവർ ചെങ്കടൽ തീരത്തെത്തിയപ്പോൾ കണ്ടത്. മിസ്രയീമ്യ കുതിരപ്പട അവരെ ആക്രമിക്കുവാൻ പാഞ്ഞെത്തുന്നു. മുമ്പിൽ ചെങ്കടൽ ഇരുവശത്തും കൂറ്റൻ പർവ്വതനിരകൾ! രക്ഷപ്പെടുവാൻ യാതൊരു മാർഗ്ഗവുമില്ല എന്നു തോന്നത്തക്ക അവസ്ഥ! ഭയചകിതരായ ജനം കരഞ്ഞു മുറവിളികൂട്ടിയതിൽ അതിശയിക്കാനുണ്ടോ? ആറുലക്ഷത്തിൽപരം ജനങ്ങൾ അലമുറയിട്ടു കരയുന്നു. മോശെയോട് എതിർക്കുന്നു. ഇതിന്നാണോ ഞങ്ങളെ മിസ്രയീമിൽനിന്നും കൊണ്ടു പോന്നതെന്നു ചോദിച്ച് കോപാക്രാന്തരായി പിറുപിറുക്കുന്നു.

തങ്ങളെ വീണ്ടെടുത്ത ദൈവത്തെ നോക്കി വിശ്വസിച്ചാശ്രയിച്ചു യാത്ര ചെയ്ത ദൈവജനം എത്ര പെട്ടെന്നാണ് അവിശ്വാസികളായി പോയത്? പ്രിയമുള്ളവരേ, സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ വിശ്വാസവും, പ്രാർത്ഥനയും, സന്തോഷവും ഒക്കെ നമുക്കുണ്ടാകും. എന്നാൽ പ്രതികൂല സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ നമ്മുടെ അവസ്ഥ നേരെ മറിച്ചായിപ്പോകാറില്ലേ? ഭയം, സംശയം, അവിശ്വാസം, പിറുപിറുപ്പ്, ചഞ്ചലങ്ങൾ എല്ലാം നമ്മെ തളർത്തിക്കളയാറില്ലേ? പരിശോധനകൾ, പ്രയാസങ്ങൾ പ്രതികൂലസാഹചര്യങ്ങൾ എല്ലാം നമ്മുടെ വിശ്വാസത്തിന്റെ ശോധനയാകുന്നു. കാഴ്ചയാലെയല്ല, വിശ്വാസത്താലെ ജീവിക്കുവാനുള്ള അഭ്യസനങ്ങളാകുന്നുവെന്ന് വിശ്വസിച്ച് അവ അശ്ശേഷം സന്തോഷം എന്നെണ്ണുവാൻ സാധിക്കാറുണ്ടോ? ഇക്കണ്ട ജനങ്ങളെ നിയന്ത്രിക്കുവാൻ വിശ്വാസവീരനായ മോശെയ്ക്കുണ്ടായ കഷ്ടപ്പാട് ഊഹിക്കാവതോ? എങ്കിലും ധൈര്യം പൂണ്ട് മോശെ അവരോട് 'ഭയപ്പെടേണ്ട; ഉറച്ചു നില്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടു കൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ" എന്നു പറഞ്ഞെങ്കിലും മോശെ നിന്നു കരയുകയായിരുന്നു. മോശെ ദൈവത്തിൽ വിശ്വസിച്ചിരുന്നു. എങ്കിലും ദൈവജനത്തിന്റെ അവിശ്വാസവും, പിറുപിറുപ്പും, കരച്ചിലും കണ്ടപ്പോൾ മോശെ കരഞ്ഞു പോയി. അപ്പോഴാണ് യഹോവയുടെ ശബ്ദം മോശെ കേൾക്കുന്നത്. "നീ എന്നോടു നിലവിളിക്കുന്നതെന്ത്? മുമ്പോട്ടുപോകുവാൻ യിസ്രായേൽ മക്കളോടു പറയുക: വടി എടുത്ത് നിന്റെ കൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക. യിസ്രായേൽമക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നു പോകും"! അത്ര എളുപ്പം വിശ്വസിക്കാവുന്ന കാര്യമാണോ യഹോവ മോശെയോടു കല്പിച്ചത്. യഹോവയുടെ വടി കൈയിലുണ്ടെങ്കിലും യഹോവ കല്പിക്കാതെ അതു

കൊണ്ട് അത്ഭുതം പ്രവർത്തിപ്പാൻ സാദ്ധ്യമല്ല. ഇവിടെയാണ് മോശെയുടെ വിശ്വാസവും, വിശ്വാസത്തിന്റെ അനുസരണവും പ്രകടമാകുന്നത്. വിശ്വാസത്താൽ തന്റെ കൈ ഉയർത്തി യഹോവ കല്പിച്ചത് അനുസരിച്ചപ്പോൾ അതാ വലിയോരു കൊടുങ്കാറ്റ്! കടലിലെ വെള്ളംപോലും ദൈവത്തെ അനുസരിക്കുന്ന കാഴ്ച ജനം കണ്ടു, അത്ഭുതപ്പെട്ടു. ഇടത്തും വലത്തും വെള്ളം മതിലായി നില്ക്കുന്ന കാഴ്ച! ജനം ഉണങ്ങിയ നിലത്തുകൂടെ കടന്ന് അപ്പുറം ചെന്നു തിരിഞ്ഞുനോക്കിയപ്പോൾ അതാ മിസ്രയീമ്യർ പിന്തുടരുന്നു.

യഹോവ മിസ്രയീമ്യസൈന്യത്തെ നോക്കി. മോശെയോടു കടലിന്മേൽ കൈനീട്ടുവാൻ കല്പിച്ചു. മോശെ അനുസരിച്ചു. കടൽ അനുസരിച്ചു മടങ്ങി പൂർവ്വസ്ഥിതിയിലായി. യഹോവ അരുളിച്ചെയ്തതുപോലെ "ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ തള്ളിയിട്ടവന്നു സ്തോത്രം ചെയ്വിൻ" എന്നു പാടുവാൻ തക്കവണ്ണം, മഹാത്ഭുതങ്ങളെ ചെയ്യുവാൻ പ്രാപ്തനായ സർവ്വശക്തനും, സർവ്വാധികാരിയുമായ ദൈവമാണ് യിസ്രായേലിന്റെ ദൈവമെന്ന് ചുറ്റുപാടുമുള്ളവരും, യിസ്രായേലും അറിയുവാനും, വിശ്വസിപ്പാനും ഇടയായിതീർന്നു. ഇന്നും ഈ കഥ വായിച്ചു പഠിക്കുന്ന ദൈവമക്കൾക്ക് എത്ര വലിയ വിശ്വാസവും, ആശ്രയവും, ഉറപ്പും, ധൈര്യവുമാണ് ലഭിക്കുന്നത്. നമ്മുടെ ഈ മരുഭൂയാത്രയിൽ നേരിടുന്ന പ്രയാസങ്ങളും, പരിശോധനകളും, പ്രതിസന്ധികളുമെല്ലാം നമ്മുടെ വിശ്വാസത്തിന്റെ പരിശോധനയാകുന്നുവെന്നു വിശ്വസിക്കുക. മുമ്പോട്ടുപോകുവാൻ ഒരു മാർഗ്ഗവുമില്ലാതെ വഴിമുട്ടി ഭയന്നു കരയുമ്പോൾ യഹോവയുടെ ഇമ്പമേറിയ ശബ്ദം കേൾക്കുവാൻ കാതോർത്തു കാത്തിരിക്കുക. പ്രശ്നങ്ങളിൽ നിന്നും, പരിശോധനകളിൽ നിന്നും നിന്റെ നോട്ടം മാറ്റി വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവിൽ നിന്റെ നോട്ടം പതിക്കുക. വിശ്വാസത്തിന്റെ ചെങ്കോൽ നീട്ടുക. ഭയം, ചഞ്ചലം, ആധികളെല്ലാം ദൂരത്തകറ്റുക. അവിശ്വാസമുള്ള ദുഷ്ടഹൃദയം ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയുന്നതിന്നു തുല്യമാണെന്നോർക്കുക. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം കാണും എന്നത് കർത്താവു നമ്മോടരുളിച്ചെയ്യുന്ന വാക്കുകളാകുന്നു എന്നോർക്കുക. ഇയ്യോബ് തന്റെ കഠിന ശോധനകളിലും വേദനകളിലും പറഞ്ഞത് "അവൻ എന്നെ കൊന്നാലും ഞാൻ അവനെ ത്തന്നേ കാത്തിരിക്കും; ഞാൻ എന്റെ നടപ്പു അവന്റെ മുമ്പാകെ തെളിയിക്കും" എന്നായിരുന്നു. നമ്മുടെ വിശ്വാസവും, സ്ഥിരതയും ഉറപ്പും, ധൈര്യവും ദൈവത്തിന്റെ മുമ്പാകെയും, ചുറ്റുപാടും ഉള്ളവരുടെ മുമ്പാകെയും തെളിയിക്കുവാനുള്ള അവസരങ്ങളാണ് നമ്മുടെ പരിശോധനകൾ എന്നു വിശ്വസിക്കുക. കൃപയാലെ വിശ്വാസം മൂലം, ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച ദൈവമക്കളുടെ വിശ്വാസത്തിന്റെ പരിശോധനകൾ അവർ ദൈവമക്കളാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതിന്നാകുന്നു എന്നോർക്കുക. "കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നവരാകണം എന്നാകുന്നു നമ്മുടെ പിതാവിന്റെ ഹിതം. ചെങ്കടൽ പോലെ തോന്നിക്കുന്ന അനുഭവങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ കരയാതെ, പിറുപിറുക്കാതെ, ചഞ്ചലപ്പെടാതെ, അവിശ്വസിക്കാതെ നമ്മുടെ കൈയിലുള്ള വിശ്വാസചെങ്കോൽ നീട്ടി ധൈര്യത്തോടെ മുമ്പോട്ടു പോകുക. ഉണങ്ങിയ നിലം നമ്മുടെ കാല്ക്കീഴിലുണ്ടായിരിക്കും. വിശ്വാസവീരനായ മോശെ കരഞ്ഞപ്പോൾ യഹോവ ചോദിച്ചത് ''നീ എന്നോടു നിലവിളിക്കുന്നതെന്ത്? വിശ്വാസത്തിന്റെ വടി എടുത്തു നീട്ടുക". മുമ്പോട്ടു പോക എന്നായിരുന്നില്ലേ? അതു തന്നെയാണ് ഇന്നും നമ്മോടു കർത്താവിന്നു പറയുവാനുള്ളത്. "നിന്റെ വിശ്വാസം എവിടെ?". നീ ആരിലാണ് ആശ്രയിക്കുന്നത്? സാഹചര്യങ്ങളിൽ നിന്നും നിന്റെ നോട്ടം മാറ്റുക. ഇത്ര നല്ല ഒരു പിതാവ് നമുക്കുള്ളപ്പോൾ നാം എന്തിന്നു ഭയപ്പെടണം? കരയണം? സന്തോഷത്തോടെ പാടി സ്തുതിച്ചുകൊണ്ട് മുമ്പോട്ടോടുക. കർത്താവു കൃപ ചെയ്യട്ടെ! ☺

# കാത്തിരിക്കുന്ന കർത്താവ്

ജെസി ബെൻസെൻ, കൊച്ചി



**ശ**മര്യാപട്ടണത്തിലൂടെ കടന്നു പോകവെ, യേശു വഴിനടന്ന് ക്ഷീണിച്ചിട്ട് ഒരു ഉറവിനരികെ ഇരുന്നു. (യോഹ.4:4). അത് യാക്കോബ് തന്റെ പുത്രനായ യോസേഫിനു നല്കിയ ഉറവായിരുന്നു. 'യാക്കോബിന്റെ ഉറവ' എന്നാണ് അത് വിളിക്കപ്പെട്ടിരുന്നത്.

യാക്കോബിന്റെ ഉറവിൽ നിന്നും വെള്ളം കോരുവാൻ വന്ന ഒരു ശമര്യസ്ത്രീയുമായുള്ള കർത്താവിന്റെ സംഭാഷണത്തെക്കുറിച്ച് വിശദീകരിക്കവെയാണ് കർത്താവ് വഴിനടന്ന് ക്ഷീണിച്ച് ആ ഉറവിന്നരികെ ഇരുന്നു എന്ന് പറഞ്ഞിരിക്കുന്നത്. യേശു യാദൃച്ഛികമായി അവിടെ വന്നിരിക്കയും അങ്ങനെതന്നെ, ശമര്യസ്ത്രീയും യാദൃച്ഛികമായി വെള്ളം കോരുവാൻ അവിടെ എത്തിച്ചേരുകയും ചെയ്തതല്ല. പിന്നെയോ യേശു അവിടെ അവൾക്കു വേണ്ടി കാത്തിരിക്കുകയായിരുന്നു.

അക്ഷരാർത്ഥത്തിൽ, വഴിനടന്ന് ക്ഷീണിച്ചിട്ടാണ് യേശു ആ ഉറവിന്നരികെ ഇരിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ അവൻ അവളെ കാത്തിരിക്കുകയായിരുന്നു. താൻ മശീഹയാണെന്നു പറഞ്ഞ് തന്നെത്താൻ അവൾക്കു വെളിപ്പെടുത്തേണ്ടതിന് അവൻ കാത്തിരിക്കുകയായിരുന്നു. താൻ അഭിമാനിക്കുന്ന ആ ഉറവിങ്കൽ വെള്ളം കോരുന്നതിനായി അവൾ എത്തുമെന്ന് അറിഞ്ഞിരുന്നതുകൊണ്ട് അവിടെ യേശു അവൾക്കായി കാത്തിരുന്നു.

അബ്രഹാമിന്റെ ഗൃഹവിചാരകനായിരുന്ന എലെയാസർ തന്റെ യജമാനന്റെ മകനുവേണ്ടി ഒരു കന്യകയെ കാത്തിരുന്നതും ഒരു കിണറിന്റെ കരയിലായിരുന്നു. കന്യകമാരെ കാത്തിരിക്കുന്ന പുരുഷന്മാരുടെ പ്രധാന ശ്രദ്ധാകേന്ദ്രമായിരുന്നു പൊതുകിണറുകൾ. വെള്ളം കോരുവാൻ വരുന്ന കന്യകമാരിൽ നിന്നും തനിക്കു ബോധിച്ചവരെ വിവാഹം കഴിക്കുന്ന പതിവും അക്കാലത്തുണ്ടായിരുന്നു. എന്നാൽ ഇവിടെ തന്റെ മശീഹയെ കാത്തിരിക്കുന്ന ശമര്യാക്കാരി സ്ത്രീക്കുവേണ്ടി, താൻ തന്നെയാണ് മശീഹയെന്നു അവൾക്കു വെളിപ്പെടുത്തേണ്ടതിന് യേശു അവൾക്കായി കാത്തിരുന്നു.

അപ്രതീക്ഷിതമായ ഒരു ചോദ്യം കൊണ്ട് അവളുടെ ജോലി തടസ്സപ്പെടുത്തിയതുകൊണ്ടാണ് അല്പസമയം അവനോടു സംഭാഷിക്കുവാൻ അവൾക്കു കഴിഞ്ഞത്. ശമര്യാക്കാരി സ്ത്രീയെ അവളുടെ ജോലി തടസ്സപ്പെടുത്തി അല്പസമയം തന്നോടു സംസാരിക്കുമാറാക്കുന്നതിന് ഒരു ചോദ്യം മാത്രം മതിയായിരുന്നെങ്കിൽ, അത്ര നിസ്സാരമായ കാര്യങ്ങൾ കൊണ്ടൊന്നും നമ്മെ ദൈവസന്നിധിയിൽ പിടിച്ചിരുത്തുക സാധ്യമല്ല. നാം മനഃപൂർവ്വമായി അവനോടൊത്ത് ചെലവഴിക്കുന്നതിനായി സമയം വേർതിരിക്കുകയോ അവനുമായി നിരന്തരസമ്പർക്കം പുലർത്തുകയോ ചെയ്യുന്നില്ലെങ്കിൽ അപ്രതീക്ഷിതമായ ചില ആഘാതങ്ങളാൽ നമ്മെ അവൻ തടസ്സപ്പെടുത്തും. അത് നമ്മുടെ ഓട്ടത്തിന്റെ വേഗത കുറയ്ക്കും. എല്ലാ തിരക്കും മാറ്റിവച്ച് ദൈവസന്നിധിയിലിരിക്കുവാൻ അത് നമ്മെ നിർബന്ധിതരാക്കും.

ദൈവസന്നിധിയിൽ ഇരിക്കുവാൻ കഴിവില്ലാത്തവിധം നമ്മെ തിരക്കുള്ളവരാക്കിത്തീർത്തിരിക്കുന്ന സാഹചര്യം എന്താണ്? മാർത്തയെപ്പോലെ കർത്താവിനെ സത്ക്കരി

*ശേഷം പേജ് 24- ൽ കാണുക*

# സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ

അന്നമ്മ സി. ജോൺ, തിരുവനന്തപുരം



**യേ**ശു കൈവച്ച് ശിശുക്കളെ അനുഗ്രഹിക്കുവാൻ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നത് ശിഷ്യന്മാരിൽ പലർക്കും ഇഷ്ടമായില്ല. യേശുവിനു ശിശുക്കളോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും ലക്ഷ്യമായി ഇതിനെ കരുതുന്നു. ശിശുക്കളെ അനുഗ്രഹിച്ചത് സ്നാനത്തിനു തെളിവല്ല. ദൈവരാജ്യം ശിശുക്കളുടെ സ്വഭാവം ഉള്ളവർക്കുള്ളതെന്നാണ് യേശു ഇവിടെ പറഞ്ഞിരിക്കുന്നത്. എന്നാൽ ഒരു കാര്യം സമർത്ഥിച്ചുകൊള്ളട്ടെ. ഇതൊരു സഭയുടെയോ സഭാവിഭാഗത്തിന്റെയോ ഉപദേശം അല്ല. വേദപുസ്തകമാണ് ഇതിന്റെ അടിസ്ഥാനം എന്ന് ഇതു വായിക്കുന്നവർ ചിന്തിക്കേണമേ!

ഞാൻ കണ്ടിട്ടുള്ള കാര്യം പറഞ്ഞുകൊള്ളട്ടെ! ഒരു ശിശുവിനെ മാമ്മോദീസാ മുക്കുന്ന സമയത്ത് അതിന്റെ കൈയ്ക്കു പിടിച്ച് വേറൊരാൾ പറയും ഞാൻ സാത്താനെ ഉപേക്ഷിച്ചു മശിഹായെ കൈക്കൊള്ളുന്നു. മുകളിൽ പറഞ്ഞതനുസരിച്ച് ശിശുക്കൾക്കു പാപമുണ്ടോ? അവർക്കു മശീഹാ ആരെന്നോ സാത്താൻ ആരെന്നോ അറിവുണ്ടോ? രക്ഷിക്കപ്പെടാതെ ആരും സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല. ശിശുക്കൾ രക്ഷിക്കപ്പെടേണ്ടതും ഇല്ല. ഒരു ശിശു മരിച്ചാൽ അതിന്റെ ആത്മാവ് സ്വർഗ്ഗരാജ്യത്തിൽ തന്നെ പോകും. സ്വർഗ്ഗരാജ്യം പാപിക്കുള്ളതല്ല. രക്ഷിക്കപ്പെട്ടവർക്കു മാത്രമുള്ളതാണ്. ശിശുക്കളും പോകും. പാപിയാണ് രക്ഷിക്കപ്പെടേണ്ടത്. ശിശുക്കൾ പാപികൾ അല്ല. ജന്മപാപം കഴുകുവാൻ വേദപുസ്തകം പറയുന്നില്ല. അങ്ങനെയെങ്കിൽ അമ്മയുടെ വയറ് ആദ്യം കഴുകേണ്ടിയിരുന്നു. സ്നാനം പാപം കഴുകുന്ന ഒരു പ്രക്രിയയല്ല. കഴുകിയവർക്കുള്ളതാണ്. ഞാൻ പാപിയല്ലല്ലോ. പിന്നെ എന്തിനാണ് ഞാൻ പാപം ഏറ്റുപറയേണ്ടതെന്ന് ആരും തെറ്റിധരിക്കരുത്. എല്ലാവരും പാപികളാണ്. ദാവീദു പറയുന്നു പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. യേശുക്രിസ്തു ഒരു ശിശുവിനെപ്പോലെ നാമും ആകണമെന്നു പറഞ്ഞിരിക്കുന്നു. ഞാനൊരു മർത്തോമ്മാ സമുദായത്തിൽ ജനിച്ചു വളർത്തപ്പെട്ട വ്യക്തിയാണ്. ആയതുകൊണ്ട് എന്നെയും പള്ളിയിൽ കൊണ്ടുപോയി മാമ്മോദിസാ കഴിച്ചിരിക്കും. അങ്ങനെ ചെയ്തപ്പോൾ എന്റെയടുക്കൽ ആരെങ്കിലും പ്രായമുള്ളവർ നിന്ന് എന്റെ കൈയ്ക്ക് പിടിച്ചിട്ട് പറഞ്ഞിരിക്കും. "ഞാൻ സാത്താനെ ഉപേക്ഷിച്ചു മശീഹായെ കൈക്കൊള്ളുന്നു". എന്നാൽ എനിക്ക് സാത്താൻ ആരെന്നോ മശീഹാ ആരെന്നോ അറിയാമോ, അറിയാത്ത ഞാൻ എന്തിനായി ഉപേക്ഷിക്കണം. ഞാൻ ഉരുവായത് സാത്താനാലാണോ? എനിക്കൊരു തലതൊട്ടപ്പനും അമ്മയും ഉണ്ടായിരുന്നെങ്കിൽ തന്നെ അവരെ ഞാൻ കണ്ടിട്ടില്ല അറിയുകയും ഇല്ല. ഒരു ഉപകാരവും അവരിൽ നിന്നും കിട്ടിയിട്ടും ഇല്ല. കാണാത്ത ആൾ എങ്ങനെ ദൈവാശ്രയത്തിൽ വളർത്തും. ശിശുക്കൾക്കു നന്മയും തിന്മയും തിരിച്ചറിയാമോ? അന്നു പറഞ്ഞതല്ലാതെ അവരെ കണ്ടല്ല ആ ശിശുക്കൾ വളരേണ്ടത്. അവരുടെ മാതാപിതാക്കളാണ് ദൈവാശ്രയത്തിൽ അവരെ വളർത്തേണ്ടത്. മാതാപിതാക്കൾക്കുപോലും ദൈവാശ്രയത്തിൽ അവരെ വളർത്താമെന്ന് ഉറപ്പുകൊടുക്കുവാൻ പറ്റുകയില്ല. പറ്റുമായിരുന്നെങ്കിൽ ഇന്ന് അനുസരണം കെട്ട കുഞ്ഞുങ്ങൾ കാണുകയില്ലായിരുന്നു. മാതാപിതാക്കൾക്കു ചെയ്യുവാൻ കഴിയുന്നത് കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുക എന്നതാണ്. പോറ്റിവളർത്തിയാലും അനുസരണം കാട്ടണമെന്നില്ല. അനുസരിക്കാത്തവർ ധാരാളം ഉണ്ട്. എന്നു കരുതി എനിക്കുണ്ടെന്ന് ആരും തെറ്റിദ്ധരിക്കരുത്. അങ്ങനെ അവരെ വളർത്തുവാൻ ഏല്ക്കുന്നവർ ആ കുഞ്ഞിന്റെ മാതാവും പിതാവും മരിച്ചുപോയാൽ അവരെ വളർത്തുമോ? ഇതൊരു

ചടങ്ങല്ലാതെ എന്താണ് ഇതിന്റെ പിന്നിൽ ഉള്ളത്. ഒരു നേരം ആഹാരം കൊടുത്ത് സ്വീക രിക്കുമോ? "ഉടയവർ വെടിഞ്ഞാലവരെ പിന്നെ തൊടുകയില്ലൊരു നായും കിനാവിലും'' ഇങ്ങനെ ഇവരെ ഏല്ക്കുന്നവർ ഈസ്റ്റർ, ക്രിസ്മസ് ഇങ്ങനെയുള്ള പ്രത്യേക സമയത്തു മാത്രം പള്ളിയിൽപോയി തിരുവത്താഴം എടു ക്കുന്നവർ ആയിരിക്കും. കർത്താവു വരുവോളം അവന്റെ ഓർമ്മയ്ക്കായി ചെയ്യുവാൻ പറഞ്ഞി രിക്കുന്നു. കാലാവധി പറഞ്ഞിട്ടില്ലാത്തതിനാൽ ആണ്ടിൽ ഒരിക്കൽ ഓർത്താൽ മതിയാവും എന്നാണ് ചിന്ത?

ഒരുപാട് സൽപ്രവൃത്തികൾ ചെയ്താൽ സ്വർഗ്ഗത്തിൽ എത്താമെന്ന് ചിലർ ചിന്തിക്കു ന്നു. നമ്മുടെ പുണ്യപ്രവൃത്തികളെല്ലാം നീതി മാനായ ദൈവത്തിന്റെ ദൃഷ്ടിയിൽ കറപുരണ്ട തുണിപോലെ മാത്രം. ദൈവം പരിശുദ്ധനാണ്. പ്രവൃത്തിയും വിശ്വാസവും ഒന്നിച്ചു പോകണം. വിശ്വാസമുള്ളവരാണ് പ്രവൃത്തിയും ചെയ്യേ ണ്ടത്. നല്ല പ്രവൃത്തിമാത്രം ചെയ്ത് സ്വർഗ്ഗ ത്തിൽ എത്തുന്നത് അസാധ്യമാണ്. യേശുക്രി സ്തുവിനെ രക്ഷിതാവും കർത്താവുമായി ഉള്ളിൽ സ്വീകരിക്കണം. കർത്താവിനെ ഉള്ളിൽ ഇരുത്തണം. ഇരുത്തുമ്പോൾ പ്രവൃ ത്തിയും മാറും. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി പഴയതെല്ലാം മാറിപ്പോകും. പുതുമനുഷ്യനായി മാറും.

ലോകാവസാനത്തോളം ചെയ്യുവാൻ കർത്താവു രണ്ടു കാര്യങ്ങൾ നമ്മെ ഏല്പി ച്ചിട്ടുണ്ട്. അവ 1. സ്നാനം 2. തിരുവത്താഴം (കർത്തൃമേശ). കർത്താവിന്റെ ഓർമ്മയ്ക്കായി തിരുവത്താഴം, കർത്താവു വന്നിട്ടില്ലായെന്നു അതു തെളിയിക്കുന്നു. വരുവോളം ചെയ്യണം. രണ്ടു കാര്യങ്ങൾ ഒരേ സ്ഥാനമുള്ളതു പറ ഞ്ഞാൽ പകുതി അനുഷ്ഠിക്കുന്നത് പൂർണ്ണ അനുസരണമോ? ഇതു കലക്കവെള്ളത്തിൽ പിടിച്ചുമുക്കുന്നതും പെന്തക്കോസ്തുകാർക്കു ള്ളതും അല്ല. ഞാൻ ഒരു പെന്തക്കോസ്തുകാ രിയല്ല എന്നുകൂടി വ്യക്തമാക്കട്ടെ. യേശുക്രി സ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ചെയ്യ ണം. ദൈവത്തിന്റെ വചനമെന്നു നാം വിശ്വ സിക്കുന്നുവെങ്കിൽ ആരെയാണ് നാം പഴിക്കു ന്നത് ദൈവത്തെയാണ്. അല്ലാതെ പെന്തെ ക്കോസ്തുകാരെയല്ല. ''യേശുക്രിസ്തു യോർദ്ദാൻ നദിയിൽ സ്നാനപ്പെട്ടതു കലക്ക വെള്ളത്തിലോ? താൻ പിതാവിനോടുള്ള അനുസരണം വ്യക്തമാക്കുന്നതിനായിട്ടാണ് സ്നാനം ഏറ്റത്. അല്ലാതെ തന്റെ പാപം കഴു കിക്കളയുവാൻ അല്ലായിരുന്നു. എന്തിനാണ് ഈ സ്നാനം? യേശുവിനോടു ചേരുവാൻ അവന്റെ മരണം അടക്കം പുനരുത്ഥാനം ഇവ ഓർമ്മിപ്പിക്കുന്നു. ദൈവകല്പനയാണ് കല്പ നാലംഘനം പാപമാണ്. എന്നെ സ്നേഹിക്കു ന്നവർ എന്റെ കല്പന പ്രമാണിക്കും. നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ കല്പന കളും പ്രമാണിക്കണം. നന്നായി ചിന്തിക്കുക പെന്തെക്കോസ്തുകാരെ പഴിക്കാതിരിക്കുക. അവർക്കു പ്രത്യേകിച്ച് ദൈവവചനം ഇല്ല. എല്ലാവർക്കും വേദപുസ്തകം ഒന്നുതന്നെയാണ്. ചിന്തിക്കുമെന്നുള്ള ആഗ്രഹത്തോടെ എഴു തുന്നു. ചിന്തിച്ചിട്ട് ദൈവകല്പനയെന്നു ബോധ്യപ്പെട്ടാൽ തീർച്ചയായും ദൈവത്തെ അനുസരിക്കണം. ഷണ്ഡൻ വെള്ളമുള്ള സ്ഥലത്തെത്തിയപ്പോഴാണ് സ്നാനപ്പെടുത്തു വാൻ ഫിലിപ്പോസിനോട് ആവശ്യപ്പെട്ടത് (പ്രവൃത്തി. 8:36).

ആരെന്നെ കല്ലെറിഞ്ഞാലും ഞാൻ എന്റെ സ്വർഗ്ഗീയ പിതാവിന്റെ മകളാകയാൽ എന്റെ സ്വർഗ്ഗീയപിതാവിനെ ഞാൻ സ്നേഹി ക്കുന്നുവെങ്കിൽ ഈ സത്യം മറ്റുള്ളവരോടു പറ ഞ്ഞുകൊടുക്കുവാനുള്ള നൂറുശതമാനം കട പ്പാടും എനിക്കുണ്ട്. ഇതുവായിക്കുന്നവർ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാ വുന്നതാണ്. എന്റെ കടമ ഞാൻ നിർവഹിച്ചി രിക്കുന്നു (ചിലരോടെങ്കിലും) നിർബന്ധം എന്റെ മേൽ കിടക്കുന്നു. ആയതിനാൽ പറഞ്ഞു തരാതിരിപ്പാനുള്ള യാതൊരു കുറു ക്കുവഴിയും ഇല്ല. അങ്ങനെ കുറുക്കുവഴികൾ ഉപയോഗിക്കുന്ന ആളും അല്ല.

കലക്കവെള്ളത്തിൽ മുങ്ങിക്കയറട്ടേ എന്നൊക്കെ ആക്ഷേപിക്കുന്നത് ആരെയെന്നു ചിന്തിക്കണം. ദൈവത്തെയും ദൈവവചന ത്തെയും ആണ്. ദൈവവചനത്തോടു വിശ്വാ സവും ഭയവും വേണം. ഈ വചനത്തിലാണ് തിരുവത്താഴവും (കുർബ്ബാന) സ്നാനം ഇവ കൾ പറഞ്ഞിരിക്കുന്നത്. ഇത് ഒരു സഭയുടേയും ഉപദേശമല്ല. വേദപുസ്തകസത്യം മാത്രമാണ്. മനസ്സിൽ തോന്നുന്നതു സംസാരിക്കുകയല്ല. ഇതിനെക്കുറിച്ചു ഗാഢമായി ചിന്തിക്കുക. ☺

# നിന്റെ ഉച്ചാരണം നിന്നെ വെളിവാക്കുന്നു



മേരി അഞ്ചൻ, തുംകൂർ

"എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല" എന്ന് യേശുവിനോട് തറപ്പിച്ചു പറഞ്ഞ പത്രൊസ് - യേശുവിനെ പിടിപ്പാൻ വന്ന പുരുഷാരത്തിന്റെ മുമ്പിൽ സധൈര്യം മഹാപുരോഹിതന്റെ ദാസന്റെ കാത് അറുക്കുവാൻ തുനിഞ്ഞ പത്രൊസ് - കേവലം ചില മണിക്കൂറുകൾക്കു ശേഷം വെറും ഒരു ബാല്യക്കാരത്തിയുടെ മുമ്പിൽ യേശുവിനെ തള്ളിപ്പറഞ്ഞു.

യേശുവിന്റെ പന്ത്രണ്ടു ശിഷ്യരിൽ വച്ച് യാക്കോബും യോഹന്നാനും പത്രൊസും തനിക്ക് ഏറ്റവും സമീപസ്ഥരും പ്രിയപ്പെട്ടവരുമായിരുന്നു. യേശുകർത്താവ് യായീറോസിന്റെ മകളെ ഉയിർപ്പിച്ചപ്പോഴും മറുരൂപമലയിൽ വച്ച് യേശു രൂപാന്തരപ്പെട്ട് ദൈവപുത്രനായി മഹത്ത്വീകരിക്കപ്പെട്ട സന്ദർഭത്തിലും ഈ മൂന്നു ശിഷ്യന്മാരും തന്നോടുകൂടെയുണ്ടായിരുന്നു. പില്ക്കാലത്ത് പത്രൊസ് തന്റെ ലേഖനത്തിൽ താൻ യേശുക്രിസ്തുവിന്റെ ശക്തിയുടെയും പ്രത്യക്ഷതയുടെയും മഹിമകണ്ട സാക്ഷിയായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു (2 പത്രൊ. 1:16-18 നോക്കുക) ഗത്ശെമന തോട്ടത്തിൽ വരെയും കർത്താവിന്റെ സാമീപ്യമനുഭവിച്ച പത്രൊസ്, കർത്താവിനെ ശത്രുക്കൾ പിടിച്ചു കൊണ്ടുപോയപ്പോൾ മറ്റേ ശിഷ്യന്മാരോടുകൂടെ അവനെ വിട്ടു ഓടിപ്പോയി.

പത്രൊസിന്റെ കഥ അവിടെ അവസാനിച്ചില്ല. യേശുവിന് എന്താണ് സംഭവിപ്പാൻ പോകുന്നതെന്ന ജിജ്ഞാസ അവനെ ഭരിച്ചു. തനിക്ക് യേശുവുമായി യാതൊരു ബന്ധവുമില്ല എന്ന ഭാവേന, അവൻ കർത്താവിന്റെ പിന്നാലെ "ദൂരവെ" പിൻചെന്നു. കർത്താവിൽ നിന്നും പത്രൊസിന് സംഭവിച്ച അകൽച്ച അവന്റെ വീഴ്ചയുടെ പ്രഥമ കാൽവയ്പായിരുന്നു. അനന്തരം യേശുവിനെ വിചാരണയ്ക്കായി കൊണ്ടുപോയ അരമനയുടെ നടുമുറ്റത്ത് എത്തിച്ചേർന്നു. പത്രൊസ് "ദൂരവെ" പിൻചെന്നു, അകത്തു കടന്ന് "അവസാനം കാണ്മാൻ സേവകന്മാരോടുകൂടെ ഇരുന്നു". അങ്ങനെ പത്രൊസ് യേശുവിന്റെ അവസാനം കാണ്മാൻ കൂടിയിരുന്ന ശത്രുക്കളുടെയിടയിലെ കേവലം ഒരു കാഴ്ചക്കാരനായി അവശേഷിച്ചു. യേശുകർത്താവിനെ ഒരു അപരിചിതനായി വീക്ഷിക്കുകയാണ് ചെയ്തത്. ചില മണിക്കൂറുകൾക്കു മുമ്പ് തന്റെ സർവ്വസ്വവും ആയി കരുതിയിരുന്ന ആ ദൈവപുത്രൻ അർദ്ധനഗ്നനായി ശത്രുക്കളാൽ പീഡിപ്പിക്കപ്പെടവേ, പത്രൊസ് തന്റെ കുളിർമാറി സ്വസ്ഥമായിരിക്കേണ്ടതിന് തീകാഞ്ഞുകൊണ്ടിരുന്ന ശത്രുക്കളുടെ ഇടയിൽ സ്ഥാനം പിടിച്ചു. പത്രൊസിന്റെ വീഴ്ച പടിപടിയായി മുന്നേറിക്കൊണ്ടിരുന്നു. അത് അപ്രതീക്ഷിതവും ആകസ്മികവുമായി സംഭവിച്ചതല്ല. 'ദൂരവെ', 'അവസാനം കാണ്മാൻ', 'സേവകന്മാരോടുകൂടെ ഇരുന്നു' എന്നീ പദങ്ങൾ പ്രത്യേകം കുറിക്കൊള്ളേണ്ടതാണ്.

കേവലം ഒരു ഭൃത്യയെ ഭയപ്പെട്ട് യേശുവിനെ തള്ളിപ്പറയുന്ന ഒരു പത്രൊസിനെയാണ് അവസാനമായി നാം ഇവിടെ കാണുന്നത്. രണ്ടുപ്രാവശ്യവും ഒരേ ബാല്യക്കാരത്തിയുടെ മുമ്പിൽ തള്ളിപ്പറഞ്ഞു എന്ന് മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു. ഏതായാലും "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല" എന്നു പറഞ്ഞ പത്രൊസ് "ഇവനും നസറായനായ യേശുവിനോടുകൂടെയുള്ളവൻ" എന്ന് വീണ്ടും വീണ്ടും കേട്ടപ്പോൾ, ഒരുകാലത്ത് മീൻപിടുത്തക്കാരനായിരുന്ന "ശിമോൻ" കർത്താവിനെ കണ്ടുമുട്ടിയതിനുമുമ്പ് ഉപയോഗിച്ചുപോന്നിരുന്ന ഭാഷാശൈലിയിൽ പ്രാകുവാനും ആണയിടുവാനും തുടങ്ങി. എന്നാൽ ഗലീലക്കാരനായിരുന്ന പത്രൊസിന്റെ അരാമ്യ ഭാഷ കലർന്ന സംസാരരീതി അവൻ ഗലീലക്കാര

*ശേഷം പേജ് 24- ൽ കാണുക*

# ശിക്ഷാവിധിയോ ബാലശിക്ഷയോ?

പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ



**കേ**രളം ഇന്ത്യയിലെ ഏറ്റവും സുരക്ഷിതത്ത്വമുള്ള പ്രദേശമാണെന്ന് നാം അഭിമാനിച്ചിരുന്നു. അതിന് പ്രധാനകാരണം ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലും വടക്കേ ഇന്ത്യയിലും മറ്റും ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകാറില്ലായിരുന്നു. കഠിനമായ വരൾച്ച, പ്രളയം, ഭൂമികുലുക്കം, തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മാത്രമല്ല, ക്ഷാമവും, മഹാമാരിയും എന്തുകൊണ്ടോ കേരളത്തെ ഒഴിവാക്കിയിരുന്നു. ആഭ്യന്തര കലഹങ്ങളോ വർഗ്ഗീയ കൂട്ടക്കൊലകളോ സാധാരണയായി നമ്മുടെ നാട്ടിൽ ഉണ്ടാകാറില്ല. ഇതിലെല്ലാം ഉപരിയായി മനോഹരമായ ഭൂപ്രകൃതിയും കാലാവസ്ഥയും നമുക്കു സ്വന്തം.

ഇതുകൊണ്ടൊക്കെയായിരിക്കണം മലയാളി ഇത്തരമൊരു പ്രകൃതിദുരന്തം ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. അപ്രതീക്ഷിതമായി ഉണ്ടായ പ്രളയം മലയാളികളെ പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിനെ കശക്കിയെറിഞ്ഞു. ആത്മീയവും ഭൗതികവുമായ തലങ്ങളിൽ ഈ മഹാപ്രളയം പ്രതിഫലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ദൈവവിശ്വാസികളായ ജനങ്ങൾ ഇത് ദൈവകോപത്തിന്റെ ഫലമാണെന്ന് വിശ്വസിക്കുവാനാണ് കൂടുതൽ താത്പര്യം കാണിക്കുന്നത്. ഇതു ദൈവകോപമാണോ പ്രകൃതികോപമാണോയെന്ന് എന്നോട് ചോദിക്കുന്നവരോട് എന്റെ മറുപടി ഇത് പ്രകൃതി കോപമെന്നാണ്. കോപിച്ചിട്ട് ദുഷ്ടന്മാരെയും നല്ലവരെയുമെല്ലാം പ്രളയജലത്തിൽ മുക്കിക്കൊല്ലാൻ തക്കം പാർത്തിരിക്കുന്ന ഒരു കോപിഷ്ഠനായ ദൈവത്തെയല്ല ഞാൻ സേവിക്കുന്നത്. എന്നാൽ ഇടയ്ക്ക് കയറിപ്പറയട്ടെ പ്രകൃതിയെ കോപിക്കാൻ അനുവദിച്ചത് ദൈവം തന്നെയാണ്. അതിനു ദൈവത്തെ പ്രേരിപ്പിച്ച കാര്യങ്ങൾ എന്താണെന്ന് തിരിച്ചുചോദിക്കാൻ നമുക്ക് അവകാശമില്ലാത്തതുകൊണ്ട്, നമുക്ക് അറിയാവുന്ന കാര്യങ്ങൾ ഒന്ന് വിശകലനം ചെയ്യുന്നത് നന്നായിരിക്കും. എന്തിനായിരിക്കും ദൈവം പ്രകൃതിക്ക് കോപിക്കുവാനുള്ള അനുമതി കൊടുത്തത്? കേരള ജനതയുടെ ദുഷ്ടത വലിയതെന്ന് കണ്ടിട്ടാണോ? മുമ്പെങ്ങും ഉണ്ടാകാത്ത വിധത്തിലുള്ള അരുംകൊലകളും ക്വട്ടേഷൻ ആക്രമണങ്ങളും കൂടിയതുകൊണ്ടോണോ? പിഞ്ചുകുഞ്ഞുങ്ങളെപ്പോലും പീഡിപ്പിച്ച് കൊല്ലുന്ന ക്രൂരത കണ്ട് ദൈവം പ്രതികരിച്ചതിന്റെ ഫലമാണോ? ആ ചോദ്യങ്ങൾക്കൊന്നും കൃത്യവും വ്യക്തവുമായ മറുപടി പറയാൻ മാനുഷികമായി നമുക്ക് കഴിയില്ല. ദുഷ്ടന്മാർക്കും കൊലപാതകികൾക്കും ദൈവം അപ്പപ്പോൾ മറുപടികൊടുക്കുമായിരുന്നെങ്കിൽ ഗോവിന്ദച്ചാമിമാർ നമ്മുടെ ജയിലുകളിൽ ആട്ടിറച്ചിയും തിന്ന് തടിച്ചുകൊഴുത്ത് വിഹരിക്കുമായിരുന്നോ?

ഞാൻ തിരുവചനത്തിൽനിന്നും മനസ്സിലാക്കിയത് ദുഷ്ടന്മാർക്കുള്ള മറുപടി ദൈവം അന്ത്യന്യായവിധി ദിനത്തിലേക്ക് മാറ്റിവച്ചിട്ടുണ്ടെന്നാണ്. അതുകൊണ്ടാണല്ലോ പണവും അധികാരവുമുള്ള വലിയ കുറ്റവാളികൾ പോലും അഹങ്കാരത്തോടെ ഞെളിഞ്ഞു നടക്കുന്നത്. എന്നാൽ ഇവർ അധികം മുഴുക്കുകയില്ല. ദൈവം വച്ചിട്ടുള്ള വ്യവസ്ഥ പ്രകാരം തന്നെ ഇവരുടെ അന്ത്യം നടന്നിരിക്കും. വാളെടുത്തവൻ വാളാലെ നശിക്കും എന്നതാണല്ലോ ദൈവം വച്ച വ്യവസ്ഥ.

ഉദാഹരണത്തിന് അറുപത് ലക്ഷം യഹൂദന്മാരെ കൂട്ടക്കൊല ചെയ്ത ഹിറ്റ്ലർക്ക് ദയനീയമായ അന്ത്യമായിരുന്നു. അനേകായിരം നിരപരാധികളെ കൊന്നുതള്ളിയ മുസ്സോളനിയെ ജനങ്ങൾ പിടിച്ചു തല്ലിക്കൊന്നു കെട്ടിത്തൂക്കി. അതായത് ദുഷ്ടന്മാർക്കും കൊലയാളികൾക്കും ഈ ലോകത്തിൽ ദൈവം നേരിട്ട് ശിക്ഷകൊടുക്കാതെ ആ കാര്യം പ്രകൃതിക്കു അല്ലെങ്കിൽ നിയമവ്യവസ്ഥയ്ക്ക് വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത് എന്നാണു ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ എല്ലാവരുടെയും മനസ്സിൽ ഉയരുന്ന അടുത്ത ചോദ്യം ദൈവം ഈ ലോകത്തിൽ നേരിട്ട് ആരെയും ശിക്ഷിക്കില്ലേ? ദൈവം ഈ ലോകത്ത് നേരിട്ട് ശിക്ഷ കൊടുക്കുന്നത് തന്റെ മക്കൾക്കാണ്. അതായത് തിരുത്തേണ്ടതു തിരുത്തി, മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് മടങ്ങി വരുന്നതിനായി ദൈവം ബാലശിക്ഷകൊടുക്കുന്നത് വിശ്വാസികളായ ജനത്തിനാണ്. ചുരുക്കിപ്പറഞ്ഞാൽ ഇപ്രാവശ്യമുണ്ടായ പ്രളയം ദൈവികശിക്ഷയാണെങ്കിൽ അത് പുറത്തുള്ളവർക്കുള്ളതല്ല, പകരം ദൈവജനം എന്നഭിമാനിക്കുന്ന ക്രിസ്ത്യാനിക്കുള്ളതായിരുന്നു.

ബാലശിക്ഷ ലഭിക്കാൻ മാത്രം എന്തുതെറ്റാണ് ദൈവജനം എന്നഭിമാനിക്കുന്നവർ ചെയ്യുന്നത്. നമ്മുടെ കുറവുകൾ എണ്ണിപ്പറയാൻ ഒരുപാടുണ്ട്. തന്നെത്താൻ താഴ്ത്തി പരിശോധിച്ചാൽ നമുക്ക് തന്നെ അതു ബോധ്യമാകും നമ്മുടെ കുറവുകൾ, അടിസ്ഥാനഉപദേശങ്ങളിലും പ്രമാണങ്ങളിലും നാം മായം ചേർത്തുകൊണ്ടിരിക്കുന്നു. ഉദാഹരണത്തിന് ആരാധന എന്ന അടിസ്ഥാനവിഷയം തന്നെയെടുക്കാം. പാരമ്പര്യസഭക്കാർ ആരാധനയെ, കുർബാനയാക്കി, അതൊരു പൗരോഹിത്യശുശ്രൂഷയാക്കി മാറ്റി. നവീകരണക്കാരായ നമ്മളിൽ ചിലർ ആരാധനയെ കേവലം പാട്ടാരാധനയാക്കി, വർഷിപ്പ് ലീഡേഴ്സിന്റെ ചുമതലയാക്കി കൈ ഒഴിഞ്ഞു. അത്യാധുനിക ന്യൂജനറേഷൻ കൂട്ടങ്ങളിൽ ആരാധനയുടെ രൂപവും, ഭാവവും മാറി സാത്താൻ ആരാധനയുടെ പരിശീലനക്കളരി പോലെയാക്കി. അട്ടഹാസങ്ങളും, കുരയും, ഛർദ്ദിയും, ഉരുട്ടിപ്പിടുത്തവും, ഊതിവീഴ്ത്തലുമൊക്കെയായി, സ്ഥിരബുദ്ധിയില്ലാത്തവരുടെ കൂത്തുകാഴ്ചയായി മാറി. ആരാധനയിൽ അവശ്യം ഉണ്ടായിരിക്കേണ്ട മാനസാന്തരത്തിന്റെയും, കണ്ണീരിന്റെയും അനുഭവമോ, സമർപ്പണമോ ഒന്നും മിക്ക സ്ഥലങ്ങളിലും നടക്കുന്നില്ല. പ്രമാണം നല്കിയ ദൈവം പൊറുക്കുമോ ഈ കപടാരാധന?

ഇനി പ്രാർത്ഥനയുടെ കാര്യമെടുത്താൻ കർത്താവു പഠിപ്പിച്ച പ്രാർത്ഥനയുമായി നമ്മുടെ പ്രാർത്ഥനയ്ക്ക് എന്തെങ്കിലും സാമ്യമുണ്ടോ? പ്രാർത്ഥനക്കാർ എന്ന് നമ്മളെ ഇന്ന് ആരെങ്കിലും വിളിക്കുമോ? നമുക്ക് പ്രാർത്ഥിക്കുന്നതിന് പകരം പ്രാർത്ഥിപ്പിക്കുന്നതിനാണ് താത്പര്യം. ജീവിതത്തിൽ സമൃദ്ധി ഉണ്ടായപ്പോൾ നമ്മുടെ പ്രാർത്ഥനയും സമൃദ്ധി കേന്ദ്രീകൃതമായി മാറിയില്ലേ? സുവിശേഷവേലയെ സംബന്ധിച്ച് കർത്താവ് കല്പിച്ച് കാര്യം നാം മറന്ന് മറ്റ് എന്തൊക്കെയോ ചെയ്തിട്ട് കർത്തൃവേലക്കാരൻ എന്ന് അവകാശപ്പെടുന്നവരല്ലേ നമ്മൾ. പൊതുജനത്തോടുള്ള സുവിശേഷപ്രസംഗം ഇനി നടത്തേണ്ട കാര്യമില്ലെന്ന് പരസ്യമായി പറയുന്നവരും, രഹസ്യമായി അത് അംഗീകരിക്കുന്നവരും നമ്മുടെ ഇടയിലില്ലേ? പോയി സുവിശേഷം അറിയിക്കണമെന്ന് കർത്താവ് ഏല്പിച്ച ദൗത്യം മറന്ന് ആട് മേയ്ക്കലും ആട് മോഷണവുമൊക്കെ നടത്തിയാൽ അത് എങ്ങനെസുവിശേഷപ്രവർത്തനമാകും? ബാലശിക്ഷയ്ക്കുള്ള വകയല്ലേ ഇതൊക്കെ?

ഇനി നമ്മുടെ "അന്യോന്യം" പരിശോധിച്ചാൽ ബാലശിക്ഷയല്ല അതിലും വലിയതിന് നാം അർഹരാണെന്ന് മനസ്സിലാകും. അന്യോന്യ സ്നേഹത്തിന് പകരം അന്യോന്യം പാരയും, കുറ്റവിചാരണയും, മത്സരവും നടക്കുന്നു. എത്രയോ നിസ്സാര കാര്യങ്ങളുടെ പേരിൽ കലഹവും പിളർപ്പും ഉണ്ടാകുന്നു. കർത്തൃമേശയ്ക്ക് ഉപയോഗിക്കുന്ന ഗ്ലാസിന്റെ പേരിൽ വഴക്കടിച്ച് തകർന്നുപോയ സഭകൾ നമ്മുടെ മുമ്പിൽ ദൃഷ്ടാന്തമായി കിടക്കുന്നു.

മലബാറിലെ സുവിശേഷവേലയ്ക്ക്

ഒരു പ്രധാനതടസ്സം സെമിത്തേരി പ്രശ്നമാണ്. സ്വന്ത പ്രസ്ഥാനത്തിൽപ്പെടുന്നവർക്ക്പോലും സെമിത്തേരി പങ്കിടുവാൻ തയ്യാറാകാത്ത സഭകൾ നമുക്കുണ്ട്. സെമിത്തേരി ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയതായി വിശ്വാസത്തിൽ വന്ന ആരെങ്കിലും മരിച്ചാൽ അവിടത്തെ കർത്തൃദാസൻ ഭീകരമായ പ്രതിസന്ധിയിൽ ആകും. സെമിത്തേരിയുള്ള സഭയുടെ പാസ്റ്ററെ സമീപിച്ചാൽ, സെക്രട്ടറിയോട് ചോദിക്കാൻ പറയും. സെക്രട്ടറിയും പാസ്റ്ററും യോജിച്ചാലും സെന്റർ പാസ്റ്ററെ കാണാതെ കാര്യം ശരിയാകില്ലെന്ന് പറയും. ഇവർ മൂന്നുപേരും കൂടിയോജിച്ച് വരുമ്പോഴേക്കും ശവം അഴുകാൻ തുടങ്ങും. നാട്ടുകാർ അടിയും തുടങ്ങും. ഉടലോടെ സ്വർഗ്ഗത്തിൽ പോകാനിരിക്കുന്ന ഇവരെയൊക്കെ കർത്താവ് ബാലശിക്ഷ നല്കാതെ വിടുമോ?

കാര്യമെന്തൊക്കെയാണേലും പൊതുജനം അല്പം ബഹുമാനത്തോടെ കണ്ടിരുന്നവരാണ് പാരമ്പര്യസഭകളിലെ ശുശ്രൂഷക്കാർ. കുമ്പസാര രഹസ്യമെന്ന ചൂണ്ടയിട്ട് സ്ത്രീകളെ വശീകരിച്ചിട്ട് ചൂഷണം ചെയ്ത പുരോഹിതരെ ദൈവം വെറുതെ വിടുമോ? അതിന് കൂട്ടുനില്ക്കുന്നത് സഭയോ, സംഘടനയോ ആരുമാകട്ടെ ദൈവത്തിൽ നിന്നും അടി മേടിക്കുമെന്നതിൽ സംശയമുണ്ടോ? പാരമ്പര്യസഭകളിൽപ്പെട്ടവർ മാത്രമല്ല, നവീകരണസഭയിൽപ്പെട്ടവരും, ന്യൂജെനറേഷൻ കൂട്ടങ്ങളിലുമെല്ലാം അടി മേടിക്കാനുള്ള വകയുണ്ടാക്കുന്നവർ ധാരാളമുണ്ട്. ദ്രവ്യാഗ്രഹികളായ കൃപയുടെ മൊത്തക്കച്ചവടക്കാരെ ദൈവം സൂക്ഷമമായി കൈകാര്യം ചെയ്യുമെന്ന കാര്യം ഉറപ്പാണല്ലോ. ഇവരെ പൂജിച്ച് പണം കൊടുത്ത് ഇവരുടെ പക്കൽ നിന്ന് കൃപ വിലയ്ക്കുവാങ്ങുന്ന ഭോഷന്മാരെയും ദൈവം വെറുതെ വിടുമോ?


അക്രൈസ്തവ മേഖലകളിൽ ദാരിദ്ര്യവും കഷ്ടപ്പാടും സഹിച്ച് കണ്ണീരോടെ വേല ചെയ്യുന്ന പാവപ്പെട്ട കർത്തൃവേലക്കാരോട് കൃപയുടെ മൊത്തക്കച്ചവടക്കാർക്ക് പുച്ഛമാണ്. ഈ പാവപ്പെട്ട ദൈവദാസന്മാർക്ക് സാമ്പത്തിക അഭിവൃദ്ധി ഉണ്ടാകാത്തതും, വൻജനക്കൂട്ടത്തെ ആകർഷിക്കാൻ കഴിയാത്തതും അവർക്ക് വേണ്ടത്ര കൃപയില്ലാത്തതുകൊണ്ടാണെന്നാണ് കൃപ വില്പനക്കാരുടെപ്രചരണം. ഭക്തന്റെ കണ്ണീർ തുരുത്തിയിലാക്കി വയ്ക്കുന്ന ദൈവം ഇതിനൊക്കെ കണക്ക് ചോദിക്കാതിരിക്കുമോ?

ഈ മഹാപ്രളയം നമ്മെ അനവധി പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. അടിസ്ഥാനപരമായി മനുഷ്യൻ നിസ്സഹായനാണ് എന്ന കാര്യം നമുക്ക് ബോധ്യപ്പെട്ടു. വർഗീയ ധ്രുവീകരണത്തിന്റെ അഗ്നിപർവ്വതം കേരളത്തിന്റെ അന്തരീക്ഷത്തിൽ പുകയാൻ തുടങ്ങിയിരുന്നു. അതെല്ലാം ഈ പ്രളയജലത്തിൽ ഒലിച്ചുപോയി. ജാതി, മതം, രാഷ്ട്രീയ വൈരങ്ങളെല്ലാം മറന്ന് ജനങ്ങൾ ഒരു മനസ്സോടെ പ്രവർത്തിച്ചു. വേർപെട്ട ദൈവജനത്തിനും ഇതിൽ നിന്ന് അനേകപാഠങ്ങൾ ഉൾക്കൊള്ളാനുണ്ട്. മാമോൻ സേവയല്ല ജനസേവനമാണ് ദൈവം ഏല്പിച്ച ദൗത്യമെന്ന് നാം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. പ്രവൃത്തിയില്ലാത്ത വിശ്വാസം മാത്രം പ്രസംഗിച്ചുകൊണ്ട് നടന്നിരുന്ന നമ്മുടെ കണ്ണ് തുറപ്പിക്കാൻ ഈ പ്രളയം ഇടയാക്കി. നേതാക്കന്മാരുടെ ഉത്തരവിന് കാത്തുനില്ക്കാതെ വിശ്വാസികളായ യുവാക്കൾ ജീവൻ പണയം വച്ച് പ്രളയഭൂമിയിൽ കർമ്മനിരതരായി. നമുക്ക് പ്രസംഗിക്കാൻ മാത്രമല്ല പ്രവർത്തിക്കാനും അറിയാമെന്നവർ തെളിയിച്ചുകഴിഞ്ഞു.

ഏതായാലും മഹാഭൂരിപക്ഷം വരുന്ന വിശ്വാസികളും ശുശ്രൂഷകന്മാരും ദൈവഭയത്തോടെ ജീവിക്കുവാൻ ഇടവരുത്തുന്നതാകട്ടെ ഈ പ്രളയം. ചുരുക്കത്തിൽ ഈ പ്രളയത്തിലൂടെ നാം പഠിച്ച പാഠമിതാണ്. നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന് കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു. ☺

# ലക്ഷ്യം

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



മനുഷ്യനായാൽ ജീവിതത്തിനൊരു ലക്ഷ്യമുണ്ടായിരിക്കണം. കുട്ടിക്കാലം മുതലേ കേട്ടുകൊണ്ടിരുന്ന ഒരു വാചകമാണിത്. ലക്ഷ്യമില്ലാത്ത ജീവിതം നൂലുപൊട്ടിയ പട്ടം പോലെയാണ്. കാറ്റിൽ തകിടം മറിഞ്ഞ് ചുറ്റിത്തിരിഞ്ഞ് അതെവിടെയെങ്കിലുമൊക്കെ ചെന്നു തങ്ങി നില്ക്കും. അപ്പോഴേക്കും ഉടലും വർണ്ണച്ചിറകുകളുമൊക്കെ കീറിപ്പറിഞ്ഞിരിക്കും.

ഓരോ പ്രായത്തിലും അതിനനുസരിച്ചുള്ള ലക്ഷ്യബോധം ഉണ്ടാകണം. തിരിച്ചറിവുണ്ടാകാത്ത കുട്ടിക്കാലത്ത് ലക്ഷ്യങ്ങൾ അവസരത്തിനനുസരിച്ചു മാറിയേക്കാം. ആരാധനയും സ്നേഹവും ആദരവും തോന്നുന്ന ഏതു വ്യക്തിയെപ്പോലെയും ആയിത്തീരാൻ കുട്ടികൾ ആഗ്രഹിക്കും. പല കുഞ്ഞുങ്ങളും 'എനിക്കു പോലീസായാൽ മതി' 'എനുക്കു വണ്ടീടെ ഡ്രൈവറായാൽ മതി' എന്നൊക്കെ പറയുന്നതതുകൊണ്ടാണ്. കുറേക്കൂടി പക്വതയും പാകതയും ഉള്ള പ്രായത്തിലെത്തുമ്പോൾ വ്യക്തമായ ഒരു ലക്ഷ്യബോധം അതേ മനസ്സുകളിൽ ഉണ്ടാകും.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "കുടുംബവിശേഷങ്ങൾ" എന്ന പുസ്തകത്തിൽ നിന്നും**

ഈ ജീവിതം കൊണ്ട് എന്തെല്ലാം സാധിക്കണം, ഞാൻ എവിടെ എത്തണം. അതിനായി എന്തെല്ലാം എപ്പോഴെല്ലാം ചെയ്യണം, എന്തു പഠിക്കണം. ഇതിനേക്കുറിച്ചെല്ലാം വ്യക്തമായ ഒരു ധാരണയുണ്ടാവണം. വളരുന്ന പ്രായത്തിൽ വിദ്യാർത്ഥിക്ക് ഒരു ലക്ഷ്യം ഉണ്ട്. വിജയിക്കണം അതിനായി അവൻ നന്നായി പഠിക്കുന്നു. രാപകൽ അദ്ധ്വാനിക്കുന്നു. ക്രിക്കറ്റുകളിക്കാരനും ഫുട്ബോൾ കളിക്കുന്നവനും ലക്ഷ്യമുണ്ട്. മറ്റൊരു ചിന്തയുമില്ലാതെ അനേകം വർഷങ്ങൾ പ്രാക്ടീസ് ചെയ്താണ് അവർ ലക്ഷ്യത്തിലെത്തുന്നത്. ഒരു സ്പോർട്സ് താരം വിക്ടറി സ്റ്റാൻഡിൽ നില്ക്കുന്നുവെങ്കിൽ അതിനു പിന്നിൽ അവന്റെ ലക്ഷ്യബോധത്തോടെയുള്ള അദ്ധ്വാനം ഉണ്ടെന്നു മനസ്സിലാക്കണം. അതിരാവിലെ ഒരുങ്ങി ഫാക്ടറിയിലേക്കു പോകുന്ന ആളിനെ ശ്രദ്ധിക്കുക. അയാൾ വൈകുന്നതുവരെ അദ്ധ്വാനിക്കുന്നു, ഒരു മടുപ്പുമില്ലാതെ. എന്താണു കാര്യം? അയാൾക്കൊരു ലക്ഷ്യമുണ്ട്. കുടുംബത്തെ പോറ്റണം, ദാരിദ്ര്യത്തെ അകറ്റി നിർത്തണം, കുട്ടികളെ പഠിപ്പിച്ചു നല്ല നിലയിലാക്കണം. ഈ ലക്ഷ്യങ്ങൾ സാധിക്കുവാൻ അയാൾ കഷ്ടപ്പെടുന്നു.

ഗവൺമെന്റുകളുടെ ലക്ഷ്യം കുറേക്കൂടി വിശാലമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സ്വാതന്ത്ര്യത്തിനും ഉറപ്പു വരുത്തുക. രാജ്യത്തെ പുരോഗതിയിലേക്കു നയിക്കുക. അതവിടെ നില്ക്കട്ടെ. ഇവിടെ നമുക്കൊരു കുടുംബത്തിൽ നിന്നാരംഭിക്കാം. എല്ലാ കുടുംബങ്ങൾക്കും ഓരോ ലക്ഷ്യമുണ്ട്. ഉയർച്ച ഒരു ലക്ഷ്യമാണ്, ക്ഷേമം മറ്റൊന്ന്, യശസ് വേറൊന്ന്. ഭാര്യയും ഭർത്താവും ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കളും കുഞ്ഞുങ്ങളും അടങ്ങുന്നതാണല്ലോ കുടുംബം. കുടുംബത്തിലുള്ള ഓരോരുത്തർക്കും അവരവരുടെതായ ലക്ഷ്യമുണ്ടാകും. അവർ ഓരോരുത്തരും ആ ലക്ഷ്യത്തിലെത്തുമ്പോൾ അതു കുടുംബത്തെ ഉയർച്ചയിലേക്കു നയിക്കുന്ന ഒരു പൊതു ലക്ഷ്യമായി മാറുന്നു.

മറ്റൊരു രീതിയിൽ ചിന്തിച്ചാൽ വൈവിദ്ധ്യത്തിലെ ഏകത്വം തന്നെയാണത്.

എനിക്കറിയാവുന്ന ഒരു കുടുംബത്തിന്റെ കഥ പറയാം. പുരാതനമായ കുടുംബം; അഭിവൃദ്ധി പ്രാപിക്കുന്നുമുണ്ട്. നന്നായി അദ്ധ്വാനിക്കുന്ന അച്ഛനും അമ്മയും. കർത്തവ്യബോധമുള്ളവർ. മൂത്തമകൻ പഠിച്ചു, ഉദ്യോഗസ്ഥനായി വിവാഹിതനായി. ഇളയവരിൽ രണ്ടാമനൊഴികെ എല്ലാവരും നന്നായി പഠിക്കുന്നു. രണ്ടാമൻ പാളം തെറ്റി താളം തെറ്റി പ്രമാണങ്ങളും ലക്ഷ്യങ്ങളും കാറ്റിൽ പറത്തി, അതിനിടയിൽ മദ്യത്തിനടിമയുമായി സ്വയം നശിക്കുന്നു. അവനൊരുത്തനാണ് ആ കുടുംബത്തിന്റെ സൽപ്പേരുകളഞ്ഞു കുളിച്ചത്. ആ അപ്പനും അമ്മയും അവനെച്ചൊല്ലിയൊഴുക്കുന്ന കണ്ണീരിനു കണക്കില്ല. സന്തുഷ്ടമായ കുടുംബത്തിലെ ഒരാളുടെ രോഗം എല്ലാവരുടേയും സന്തോഷത്തെ കെടുത്തിക്കളയും. താൻ തന്റെ കുടുംബത്തിലെ വി. ഐ. പി. ആകുന്നു എന്ന് ഓരോരുത്തരും അറിയണം. ഞാൻ നിമിത്തം എന്റെ കുടുംബത്തിനു തകർച്ചവരരുത് എന്ന് ഓരോരുത്തരും കരുതണം. അതിനു കർശനമായ ജീവിതപ്രമാണങ്ങളും ശൈലിയും പിൻതുടരണം. വ്യക്തമായ ഒരു ലക്ഷ്യബോധത്തോടെ ജീവിക്കണം.

അതുമാത്രമല്ല എനിക്കിവിടെ പറയാനുള്ളത്. ലക്ഷ്യബോധത്തോടെ അദ്ധ്വാനിച്ചു ജീവിക്കുന്നതോടൊപ്പം ദൈവഭയവും ദൈവാശ്രയവും എപ്പോഴും കൂടെയുണ്ടാവണം. നമുക്ക് അദ്ധ്വാനിക്കുവാനേ കഴിയുകയുള്ളൂ. ഫലം തരുന്നത് ദൈവമത്രെ. ഒരു മാവ് നട്ടു വളവും വെള്ളവും നല്കി. പക്ഷേ അതു വളരുന്നതും ഫലം തരുന്നതും ദൈവേച്ഛയുമാണ്. ആ പ്രക്രിയയ്ക്കുമേൽ ഒരു നിയന്ത്രണവും മനുഷ്യനില്ല.

പ്രസിദ്ധ ത്വക്രോഗ വിദഗ്ധൻ ഡോ. എം. ഐ. ജോയി എന്റെ ഒരു സുഹൃത്താണ്. അദ്ദേഹം ഒരിക്കൽ പറഞ്ഞു. ഞങ്ങൾ വൈദ്യശാസ്ത്രപ്രകാരം രോഗം കണ്ടുപിടിക്കുന്നു, മരുന്നു നിശ്ചയിക്കുന്നു. എന്നാൽ സൗഖ്യം തരുന്നത് ദൈവമാകുന്നു. എല്ലാ ജോലികളും ചെയ്യുക. നമ്മുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ഈശ്വരനിൽ സമർപ്പിക്കുക. അവിടുന്ന് കാര്യങ്ങളെ നിർവഹിച്ചുതരും.

ലക്ഷ്യം എത്ര അകലെയാണെങ്കിലും, അവിടെ എത്തിച്ചേരുവാനുള്ള യാത്രയിൽ നാം പാലിക്കേണ്ട ചില മൂല്യങ്ങളുണ്ട്. ധാർമ്മിക നിലവാരം പാലിക്കുക എന്ന നിർദ്ദേശമാണ് ഇവിടെ എനിക്ക് ആദ്യമായി നിങ്ങളോടു പറയുവാൻ കഴിയുന്നത്. നമ്മുടെ സമൂഹം ഇന്നു തകർച്ചയുടെ വക്കത്തെത്തി നില്ക്കുന്നതും ഈ ഒരു ചിന്തയുടെ അഭാവത്തിലാണ്. കഴിയുന്നിടത്തെല്ലാം ദൈവത്തെ നാം മാറ്റി നിർത്തുന്നു. ദൈവിക പ്രമാണങ്ങളെ കൈവിടുന്നു. നമ്മുടെ സ്വന്ത ഇഷ്ടപ്രകാരമുള്ള അജണ്ടകൾ നടപ്പാക്കാൻ ശ്രമിക്കുന്നു. ദൈവത്തെക്കാൾ സമ്പത്തിനേയും അതു കല്പിക്കുന്ന വഴികളേയും നാം പിൻതുടരുന്നു. പിന്നീട് ആഴ്ചയിലൊരിക്കൽ 2 മണിക്കൂർ നാം ദൈവത്തെ കാണാൻ പോകുന്നു. അല്ലെങ്കിൽ രാവിലെയും വൈകിട്ടും 5 മിനിറ്റു വീതം ദൈവത്തെ വിളിക്കുന്നു. തീർന്നു ദൈവവുമായുള്ള ബന്ധം.

ഒരു പകൽ മുഴുവൻ അദ്ധ്വാനിക്കുന്നു. വിശ്രമിക്കുന്നു. വ്യായാമം ചെയ്യുന്നു. ദിവസം കുറഞ്ഞതു മൂന്നു നേരമെങ്കിലും ഭക്ഷണം കഴിക്കുന്നു. ഈ ശരീരത്തെ സന്തോഷിപ്പിക്കാൻ, സംരക്ഷിക്കാൻ ആവുന്നതൊക്കെ ചെയ്യുന്നു. കൊള്ളാം, പക്ഷേ നിങ്ങൾ എന്നു പറയുന്ന ഈ വ്യക്തി ഈ ശരീരം മാത്രമാണോ? ഭൗതിക സുഖങ്ങൾ മാത്രമാണോ നിങ്ങളുടെ ജീവിതലക്ഷ്യം? സ്വന്തം ആത്മീയ ജീവിതം സമ്പുഷ്ടമാക്കാൻ നിങ്ങൾ എന്തു ചെയ്യുന്നുവെന്ന് സ്വയം ചിന്തിക്കുക. അതുംകൂടി നിങ്ങളുടെ ജീവിതലക്ഷ്യം ആകണം എന്നു ഞാൻ ആഗ്രഹിക്കുന്നു.

ഒരിക്കൽ വൃദ്ധനായ ഒരു പട്ടക്കാരൻ എന്നോട് ഇങ്ങനെ പറഞ്ഞു. 'ദിവസവും ആദ്യം സംസാരിക്കേണ്ടത് ദൈവത്തോട്,

ആദ്യം കാണേണ്ടത് ദൈവമുഖം. ദിവസത്തിന്റെ അവസാനം സംസാരിക്കേണ്ടതും ദൈവത്തോട്, കാണേണ്ടതും ദൈവമുഖം'. ജീവിത ലക്ഷ്യം അങ്ങനേയും സാധിക്കാം.

അലസചിത്തരാകരുത് എന്നതാണ് ഇനി എനിക്കു പറയുവാനുള്ള വിജയമന്ത്രം. ആരോഗ്യമുള്ള ശരീരവും മനസ്സും ഹൃദയവും ഓർമ്മയും കാഴ്ചയും കേഴ്‌വിയുമൊക്കെ ദൈവം നമുക്കു തന്നിരിക്കുന്നത് മടിപിടിച്ചിരിക്കുവാനല്ല പ്രവർത്തിക്കുവാനാണ്. പ്രവർത്തിക്കേണ്ട സമയത്ത് നിന്റെ കൈകൾ അടങ്ങിയിരിക്കരുത്. മനുഷ്യൻ അദ്ധ്വാനിക്കുന്നവനായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അദ്ധ്വാനിക്കുവാൻ മനസ്സില്ലാത്തവൻ ഭക്ഷിക്കരുത് എന്നാണു ബൈബിൾ പഠിപ്പിക്കുന്നത്. അദ്ധ്വാനം ഇല്ലാതെ ലക്ഷ്യം നേടുകയില്ല.

അതുപോലെ തന്നെ നമുക്ക് നമ്മുടെ സമൂഹത്തോട് ഒരു കടപ്പാടുണ്ട്. ഞാൻ പഠിച്ചതും വളർന്നതും ആ സമൂഹത്തിലാണ്; വലുതാകേണ്ടതും അവിടെയാണ്. എന്റെ വളർച്ചയിൽ സമൂഹത്തിന് അതിന്റേതായ പങ്കുണ്ട്. ആ കടം ഞാൻ വീട്ടണം. നന്മ ചെയ്യണം, ആരേയും അവഗണിക്കരുത്. അതു എന്റെ ലക്ഷ്യങ്ങളിലൊന്നാകണം. നമ്മുടെ ലക്ഷ്യം എന്താണ്? സ്വാർത്ഥത മാത്രമാണോ എല്ലാത്തിന്റെയും അടിസ്ഥാനം? സ്വന്തം കാര്യം നോക്കണം, ശരി തന്നെ. അതു മറ്റാരും നമുക്കായി ചെയ്തു തരികയില്ല. പക്ഷേ അതോടൊപ്പം ലക്ഷ്യത്തിലെത്തിച്ചേരാനുള്ള നമ്മുടെ യാത്ര മറ്റുള്ളവരുടെ അതേ ശ്രമങ്ങൾക്ക് ഒരിക്കലും തടസ്സമാകരുത്. നാം ഉയരുന്നതിനും വളരുന്നതിനുമൊപ്പം നമുക്കു ചുറ്റുമുള്ള സമൂഹവും വളരണം, വികസിക്കണം.

എങ്ങനെയാണ് ഒരു നല്ല സർജൻ (Surgeon) ഉണ്ടാകുന്നത്? അനേകരുടെ ശരീരങ്ങൾ കീറിയും മുറിച്ചും തുന്നിയും പഠിച്ചും പരിശീലിച്ചുമാണ്. സമൂഹത്തോടുള്ള ആ കടം വീട്ടുന്നതിനു പകരം സ്വന്തം സാമ്പത്തിക നേട്ടം മാത്രം അയാളുടെ ലക്ഷ്യമാകുമ്പോൾ അവിടെയുണ്ടാകുന്ന ധർമ്മച്യുതി എത്ര വലുതാണെന്നു നോക്കുക. ആത്മാവിൽ ദരിദ്രനാണയാൾ, ശരിയല്ലേ? എങ്ങനേയും, ലക്ഷ്യം സാധിക്കണമെന്നു ശഠിക്കുന്നവരുണ്ട്. അതിനെന്തു മാർഗവും സ്വീകരിക്കാൻ അവർക്കു മടിയില്ല. അവിടെയാണപകടം. ലക്ഷ്യം പോലെ തന്നെ ലക്ഷ്യം നേടുന്നതിനുപയോഗിക്കുന്ന മാർഗവും നീതിയുക്തമായിരിക്കണം. സംശുദ്ധമായിരിക്കണം. പാവപ്പെട്ടവനെ സഹായിക്കുന്നതു നല്ലതുതന്നെ. അതു വേറൊരാളെ കൊള്ളയടിച്ചിട്ടാകുമ്പോൾ അത് അധാർമ്മികമാകുന്നു.

ഒരു കുടുംബത്തിന് കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, സ്വന്തമായൊരു വീട് എന്നിങ്ങനെ പൊതുവായ പല ലക്ഷ്യങ്ങളുണ്ടാകും. എന്നാൽ ഇതൊക്കെ സാധാരണ ലക്ഷ്യങ്ങൾ തന്നെയാണ്, സമയബന്ധിതവും. എല്ലാ ലക്ഷ്യവും സാധിച്ചു കാണുക അസാധ്യമെന്ന് ഞാൻ പറയുകയില്ല. സാധ്യമാണ്, പക്ഷേ അതിനനുസരിച്ചു ശ്രമിക്കാനും നിരന്തരം ഒരേമനസ്സോടെ അദ്ധ്വാനിക്കാനും കുടുംബത്തിലെ ഓരോ അംഗത്തിനും കഴിയണം.

ഒന്നുകൂടി ചോദിക്കട്ടെ. എന്താണു നിങ്ങളുടെ ജീവിതലക്ഷ്യം? ഇന്നു പല ഓഫീസുകളിലും ഒരു മിഷൻ സ്റ്റേറ്റ്മെന്റും ഒരു വിഷൻ സ്റ്റേറ്റ്മെന്റും എഴുതിവയ്ക്കാറുണ്ട്. നിങ്ങളുടെ ജീവിതത്തിൽ ഒരു Vision and Mission Statement എഴുതിയാൽ അതെന്തായിരിക്കും? ജീവിതലക്ഷ്യം മരണംകൊണ്ടു തീരുന്നതാണോ? അതിനപ്പുറം എന്താണ്? മരണാനന്തരം എവിടെയെത്തണമെന്ന ഒരു ആത്മീയ ലക്ഷ്യം ജീവിതത്തോടൊപ്പം നിങ്ങൾ സൂക്ഷിക്കുന്നുണ്ടോ?

ബൈബിൾ ഇങ്ങനെ പറയുന്നു:

'ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു'

*ശേഷം പേജ് 19 - ൽ കാണുക*

# ദൈവഭക്തിയുള്ള മാതാവ്

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം



**ദൈ**വജനമായ യിസ്രായേലിന്റെ നടത്തിപ്പിനായി ന്യായാധിപന്മാരുടെ ഭരണം ആരംഭിച്ചത് ശമുവേലിലായിരുന്നു. വിശ്വസ്തനും, നീതിമാനും ദൈവത്തിന്നു തന്നെത്തന്നെ സമർപ്പിച്ചവനുമായിരുന്നു ശമുവേൽ. ജനനത്തിനു മുമ്പേ ദൈവം തിരഞ്ഞെടുത്തവനായിരുന്നു. ഈ ശമുവേലിന്റെ മാതാവായിരുന്നു ഹന്നാ. ഹന്നായുടെ ഭർത്താവിന് വേറൊരു ഭാര്യകൂടി ഉണ്ടായിരുന്നു. ബഹുഭാര്യാത്വം ദൈവം അനുവദിച്ചിരുന്നതല്ല. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ട് ദൈവം ആദിമനുഷ്യനായ ആദാമിന് ഹവ്വാ എന്ന ഒരു നാരിയെ മാത്രമേ നല്കിയിരുന്നുള്ളൂ. അവർ അനുസരണക്കേടിനാൽ പാപികളായിത്തീർന്നതിനുശേഷമുള്ള ആദാമ്യസന്തതികളെല്ലാം പാപികളായിത്തീർന്നു. ഇവരാണ് ദൈവിക തീരുമാനത്തെ ലംഘിച്ച് ബഹുഭാര്യാത്വം സ്വീകരിച്ചത്.

എഫ്രയീം മലനാട്ടിലെ രാമാഥയീം എന്ന ഗ്രാമത്തിൽ എഫ്രയീം ഗോത്രത്തിലെ എലീഹുവിന്റെ മകനായ യെരോഹാമിന്റെ മകൻ എല്ക്കാന. അവന്ന് ഹന്നാ എന്നും പെനിന്നാ എന്നും പേരുള്ള രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. പെനിന്നയ്ക്ക് മക്കൾ ഉണ്ടായിരുന്നു. ഹന്നാ മച്ചിയായിരുന്നു. അക്കാരണത്താൽ പെനിന്നാ അവളെ കുത്തുവാക്കുകൾ പറഞ്ഞ് അവഗണിച്ചിരുന്നു. എല്ക്കാന വർഷംതോറും ശീലോവിൽ യാഗം കഴിപ്പാൻ പോവുക പതിവായിരുന്നു. പെനിന്നാ മൂലം അനുഭവിച്ച വേദനയ്ക്കും അസ്വസ്ഥതയ്ക്കും ഒരു പരിഹാരമായി എല്ക്കാന അവളെ കൂടുതൽ സ്നേഹിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. പിന്നെ എല്ക്കാനയുടെ കൂടെ തന്റെ സങ്കടങ്ങൾ ദൈവസന്നിധിയിൽ അറിയിക്കുവാൻ ശീലോവിലേക്കു പോവുക ഹന്നയുടെ പതിവായിരുന്നു. ഹന്നാ കരയുകയും പട്ടിണികിടക്കുകയും ചെയ്തപ്പോൾ എല്ക്കാന: 'ഞാൻ നിനക്ക് പത്തു പുത്രന്മാരെക്കാൾ നല്ലവനല്ലയോ' എന്നു പറഞ്ഞ് ആശ്വസിപ്പിക്കുമായിരുന്നു.

അന്നത്തെ പുരോഹിതനായിരുന്ന ഏലി കാൺകെ ഹന്നാ മനോവ്യഥയോടുകൂടി ദൈവസന്നിധിയിൽ കരഞ്ഞു പ്രാർത്ഥിച്ചു. അവളുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾപ്പിച്ചിരുന്നില്ല. അതിനാൽ ഏലി പുരോഹിതൻ അവളെ തെറ്റിദ്ധരിച്ചു. അവൾക്കു ലഹരി പിടിച്ചിരിക്കും എന്നു വിചാരിച്ചു. നീ എത്രത്തോളം ലഹരി പിടിച്ചിരിക്കുന്നു നിന്റെ വീഞ്ഞു ഇറങ്ങിപ്പോകട്ടെ എന്നു പറഞ്ഞു. അങ്ങനെയല്ല ഞാൻ മനോവ്യസനമുള്ള സ്ത്രീ ഞാൻ ലഹരികഴിച്ചിട്ടില്ല. യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയായിരുന്നു എന്നു മറുപടി പറഞ്ഞു. ഏലി മഹാപുരോഹിതൻ സ്ത്രീയേ നീ ദൈവത്തോടു പ്രാർത്ഥിച്ചത് നിനക്ക് ലഭിക്കുമാറാകട്ടെ. സമാധാനത്തോടെ പോകയെന്നു പറഞ്ഞു. പ്രാർത്ഥന കേൾക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ദൈവം ഹന്നയ്ക്കു മക്കളെ നല്കുവാൻ പ്രസാദിച്ചു. ആദ്യത്തെ മകനായി പിറന്ന ശമുവേലിനെ അവൾ പ്രാർത്ഥിച്ചതുപോലെ ദൈവത്തിന്നായി സമർപ്പിച്ചു. കുഞ്ഞിന്റെ മുലകുടി മാറിയപ്പോൾ അവനെ ഏലിപുരോഹിതന്റെ അടുക്കൽ കൊണ്ടുപോയി ദൈവത്തിന്നായി സമർപ്പിച്ചു. ദൈവം

തനിക്ക് നല്കിയ ദാനം യഹോവയ്ക്കു സമർപ്പിച്ച മാതൃക നാം സ്വീകരിക്കാറുണ്ടോ? പാലം കടക്കുന്നതുവരെ നാരായണ നാരായണാ പാലം കടന്നാൻ കൂരായണ എന്ന പഴമൊഴി പോലെയായിരുന്നില്ല.

മാത്രമല്ല ഹന്നാ വർഷംതോറും ശീലോവിൽ പോവുകയും തന്റെ മകന് ആവശ്യമുള്ളതെല്ലാം കൊടുക്കുകയും ചെയ്തിരുന്നു. ഒന്നു ശമുവേൽ രണ്ടാം അദ്ധ്യായത്തിൽ ഹന്നായുടെ പ്രാർത്ഥന ശ്രദ്ധിക്കുക. അതു വായിച്ചപ്പോൾ ഞാൻ വളരെ ആശ്ചര്യപ്പെട്ടു. കേവലം ഒരു സാധാരണക്കാരിയായ സ്ത്രീയുടെ പ്രാർത്ഥന ഇത്ര മഹത്തും ആഴമുള്ളതും ആയതു അവളുടെ അഗാധമായ ദൈവഭക്തിയുടെ പ്രകടനമാണീ പ്രാർത്ഥന. അവളുടെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു. എന്റെ ബലം യഹോവയിൽ ഉയർന്നിരിക്കുന്നു. എന്റെ വായ് ശത്രുക്കളുടെ നേരെ വിശാലമായിരിക്കുന്നു. നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു. ദൈവം ദരിദ്രനെ പൊടിയിൽ നിന്നും ഉയർത്തുന്നു. പ്രഭുക്കന്മാരോടുകൂടി ഇരുത്തുവാനും മഹിമാസനം അവകാശമായി നല്കുവാനും തന്നെ. അവളുടെ പ്രാർത്ഥന അനുഭവത്തിന്റെ അറിവായിരുന്നു.

യിസ്രായേലിൽ ഏലിപുരോഹിതന്റെ മക്കൾ അഹങ്കാരികളും ദൈവനിഷേധികളുമായി ജീവിച്ചതും ദുരന്തത്തിലേക്ക് നയിച്ച പശ്ചാത്തലവും ചിന്തിക്കുക. അക്കാലത്ത് ദൈവികഅരുളപ്പാടുകൾ ലഭിക്കുക അസാധാരണമായിരുന്നു. ഏലിപുരോഹിതൻ തന്റെ മക്കളെ ശാസിച്ചും, നിയന്ത്രിച്ചും വളർത്തിയിരുന്നില്ല. മാതൃകാപരമായ ഒരു കുടുംബ ജീവിതം രൂപപ്പെടുവാൻ കരയുന്ന ഒരു കണ്ണ് പുരോഹിതനുണ്ടായിരുന്നില്ല. അതിനാൽ മക്കൾ നിഷേധികളും അഹങ്കാരികളുമായി ദുഷ്കർമ്മങ്ങൾ പലതും ചെയ്തു.

ബാലനായ ശമുവേലിനോടാണ് ദൈവം സംസാരിച്ചത്. യിസ്രായേലിന്നും ഏലിക്കും കുടുംബത്തിന്നും നേരിടുന്ന അത്യാപത്ത് ശമുവേലിനോടാണ് ദൈവം അറിയിച്ചത്. ദൈവഭയത്തിൽ അനുസരണത്തിൽ കഴിയുക മാത്രമല്ല അവനുവേണ്ടി ധാരാളം കണ്ണുനീർ ദൈവസന്നിധിയിൽ ഒഴുക്കുന്ന ഒരു മാതാവുമുണ്ടായിരുന്നു. ഇന്നത്തെ തലമുറ മദ്യത്തിനും, മയക്കുമരുന്നിനും അടിമകളായി കൊല്ലും കൊലയും അക്രമവും നടത്തി അഴിഞ്ഞാടുന്നതിന് ഏക കാരണം അവർക്കു വേണ്ടി ദൈവസന്നിധിയിൽ കണ്ണീരൊഴുക്കി ഇടിവിൽ നില്ക്കുന്ന ദൈവഭയമുള്ള മാതാപിതാക്കന്മാരുടെ അഭാവം. മക്കളെ അമിതമായി സ്നേഹിക്കുകയും അവർ എന്താഗ്രഹിച്ചാലും വരും വരായ്കകൾ വിലയിരുത്താതെ വാങ്ങി നല്കുകയും തലമുറയെ നരകശാപത്തിൽ തള്ളിയിടുകയും ചെയ്യുന്ന മാതാപിതാക്കൾ,ബന്ധുമിത്രാദികൾ, സമൂഹം!

ഇത്രകണ്ടു ഭയങ്കരമായ പാപപ്രവൃത്തികളുടെ ബീഭത്സരൂപം ലോകത്ത് ഉണ്ടായിട്ടില്ല. പിശാചിന്റെ ശക്തി അണയാൻ പോകുന്ന ദീപം ആളിക്കത്തുന്നതുപോലെ അന്ത്യകാലത്തു ശക്തിയാർജ്ജിച്ചിരിക്കുന്നു. സൃഷ്ടികർത്താവായ ദൈവത്തെക്കുറിച്ച് ഒരു ബോധവുമില്ലാതെ നിരീശ്വരത്തം തലമുറയെ മത്തുപിടിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ തൽക്കാലം കത്തുന്ന തീയുടെ വിനാശം അനതിവിദൂരമല്ല. പ്രതിവിധി എന്ത്? ദൈവസന്നിധിയിൽ വീണുകിടന്ന് കരയുക അതു മാത്രം മതി. കരുണാസമ്പന്നനായ ദൈവം മനസ്സലിവുള്ള പിതാവാണ്. ഇന്നത്തെ തലമുറയുടെയും സമൂഹത്തിന്റെയും ഈ ദുഃസ്ഥിതിക്ക് മാറ്റം വരുത്തുവാൻ ദൈവത്തിനു കഴിയും. മനുഷ്യമനസ്സുകളിൽ പരിശുദ്ധാത്മാവിന്റെ ശക്തിയായ വ്യാപാരമുണ്ടായി ഒരു സുനാമി ഉണ്ടാകട്ടെ. ദൈവത്തിലേക്ക് തിരിയുവാൻ ഒരു ഉണർവ്വ് ഉണ്ടാകണം. പതിരും മണിയും തിരിക്കുന്ന ഒരു വൻകാറ്റ് അടിക്കണം. ദൈവഭയമുള്ള മക്കൾക്കായി അനേകം ഹന്നാമാർ എഴുന്നേല്ക്കുവാൻ ദൈവം ഇടയാക്കട്ടെ. ☺

# യോഗ്യമായ വസ്ത്രം : തിരുവിതാംകൂറിനു ക്രൈസ്തവരുടെ സംഭാവന

റവ. എ.ജെ. ജോൺ കൊഴുവല്ലൂർ



**ആമുഖം**

ഒരുകാലത്ത് തിരുവിതാംകൂറിൽ യോഗ്യമായി വസ്ത്രം ധരിക്കുന്നത് കുറ്റകരമായിരുന്നു എന്നതു പുതിയ തലമുറയ്ക്കു വിശ്വസിക്കാൻ കഴിഞ്ഞെന്നു വരില്ല. ഒരു സ്ത്രീ തന്റെ മാറുമറച്ചു വസ്ത്രം ധരിച്ച് അന്നത്തെ മാന്യവ്യക്തിയുടെ മുമ്പിൽ നില്ക്കാൻ ധൈര്യം കാട്ടിയാൽ അവൾക്ക് ശിക്ഷ ഉറപ്പ്. മാറുമറച്ച് ആറ്റിങ്ങൽ റാണിയുടെ മുമ്പിൽ ചെന്ന സ്ത്രീയുടെ മുലകൾ അറുത്തിടുവാൻ ക്ഷുഭിതയായ റാണി കല്പിച്ച സംഭവം പഴമക്കാർ ഇന്നും മറന്നിട്ടില്ല. ഉത്തരേന്ത്യയിലെ ഏതോ ഗ്രാമത്തിലെ കഥയല്ല; സാംസ്കാരിക പൈതൃകത്തിന്റെ പേരിൽ സാംസ്കാരിക നായകന്മാർ വാനോളം പുകഴ്ത്തുന്ന പുരാതന കേരളത്തിന്റെ കഥ തന്നെയാണിത്!

B. C. 3000 മുതൽ ബുദ്ധജൈനമതങ്ങൾ കേരളത്തിൽ പ്രചരിച്ചു തുടങ്ങുകയും A. D. പതിനൊന്നാം നൂറ്റാണ്ടുവരെ പ്രബലവുമായിരുന്നു. അതിനുശേഷം ബ്രാഹ്മണിസം ഈ മതങ്ങളെ പരാജയപ്പെടുത്തിയും ആര്യവത്കരിച്ചും ബുദ്ധജൈനക്ഷേത്രങ്ങളെ ഹൈന്ദവക്ഷേത്രങ്ങളാക്കിയും മേൽകൈ നേടിത്തുടങ്ങി. പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേക്കും ബ്രാഹ്മണരുടെ ധർമ്മശാസ്ത്രമായ മനുസ്മൃതിയുടെ കഠോരനിയമങ്ങളുടെ അടിത്തറയിൽ സവർണ്ണ അവർണ്ണ, മേലാളകീഴാള വ്യവസ്ഥിതി രൂപപ്പെടുകയും പ്രബലമാകുകയും ചെയ്തു കഴിഞ്ഞിരുന്നു. ബ്രിട്ടീഷ് റസിഡെന്റിന്റെ നിയന്ത്രണത്തിലാണ് തിരുവിതാംകൂർ രാജാക്കന്മാർ ഭരണം നടത്തിയിരുന്നതെങ്കിലും സാമൂഹ്യവും മതപരവുമായ കാര്യങ്ങളിൽ രാജാവിനെ നിയന്ത്രിച്ചിരുന്നത് സവർണ്ണ ബ്രാഹ്മണർ ആയിരുന്നു.

സവർണ്ണ ഹിന്ദുക്കളിൽ ബ്രാഹ്മണർ ക്ഷത്രിയർ എന്നീ ജാതിക്കാരായ സ്ത്രീകൾക്കു മാത്രമേ മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നുള്ളൂ. ബ്രിട്ടീഷ് അധിനിവേശകാലത്ത് ക്ലാസ് ഫോർ സവർണ്ണരായ ശൂദ്ര (നായർ) സ്ത്രീകൾക്കും മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചുതുടങ്ങി. ബ്രാഹ്മണബാന്ധവമാണ് അതിന് സഹായകമായ ഘടകം. എന്നാൽ ദേവന്റെ മുമ്പിലും ബ്രാഹ്മണന്റെ മുമ്പിലും നില്ക്കുമ്പോൾ നായർസ്ത്രീ തോളിലൂടെ മാറുമറയ്ക്കാൻ ഇട്ടിരുന്ന തുണി എടുത്തുമാറ്റി ആദരവു പ്രകടിപ്പിക്കണമായിരുന്നു.! നാടാർ, ഈഴവർ തുടങ്ങി ഐത്തജാതി സ്ത്രീകൾക്ക് മാറുമറയ്ക്കാനോ മുട്ടിനുതാഴെ മറയുംരീതിയിൽ മുണ്ടുടുക്കാനോ സ്വാതന്ത്ര്യം ഇല്ലായിരുന്നു. നായർ ഭടന്മാർ കൗപീനം മാത്രമാണ് ധരിച്ചിരുന്നത് എന്നു വിദേശസഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പുതിയ വെള്ള മുണ്ടു വാങ്ങിയാൽ അതിൽ ചെളിയും കരിയും പുരട്ടി വൃത്തികേടാക്കി മാത്രമേ ഉടുക്കാൻ അനുവദിച്ചിരുന്നുള്ളൂ. ഭാഷയുടെ കാര്യത്തിലും സ്ഥിതി മറിച്ചായിരുന്നില്ല. നായർ നല്ല ഭാഷ സംസാരിക്കുന്നത് ബ്രാഹ്മണനും, കീഴാളർ നല്ല ഭാഷ ഉപയോഗിക്കുന്നത് നായർക്കും ഇഷ്ടമല്ലായിരുന്നു. നായർ, ഈഴവസ്ത്രീകൾക്ക് ആഭരണം ധരിക്കുന്നതിനും നായർ ഭവനങ്ങൾ ഓടുമേയുന്നതിനും സ്വാതന്ത്ര്യം ലഭിച്ചത് 1818 ൽ റാണി ലക്ഷ്മീഭായിയുടെ പ്രസിദ്ധമായ വിളംബരത്തിലൂടെയാണ്. ചെരിപ്പ്, കുട, വാഹനം, വിദ്യാഭ്യാസം, ക്ഷേത്രപ്ര

വേശനം, പൊതുവഴി തുടങ്ങി പലതിലും സ്വാതന്ത്ര്യം പിന്നേയും വളരെക്കാലം കഴിഞ്ഞാണു ലഭിച്ചത്.

എ. ഡി. 1806- ൽ റിങ്കിൾ ടോബ് എന്ന പ്രൊട്ടസ്റ്റന്റ് മിഷണറി തെക്കൻ തിരുവിതാംകൂറിലെ മൈലാടിയിൽ എത്തുംമുമ്പുതന്നെ തദ്ദേശീയനായ വേദമാണിക്യം അവിടെ സുവിശേഷീകരണം ആരംഭിച്ചിരുന്നു. വേലുത്തമ്പി ദളവയുടെയും സവർണ്ണ ഹിന്ദുക്കളുടെയും എതിർപ്പിനെ അതിജീവിച്ച് വേദമാണിക്യത്തിന്റെയും റിങ്കിൾ ടോബിന്റെയും സുവിശേഷീകരണവും വിദ്യാഭ്യാസപ്രവർത്തനവും ഉത്തരോത്തരം പുരോഗതി പ്രാപിച്ചു. ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മെക്കോളെയുടെ സഹായം മിഷണറി പ്രവർത്തനങ്ങൾക്ക് വളരെ സഹായകമായിരുന്നു.

തെക്കൻ തിരുവിതാംകൂറിലെ സുവിശേഷീകരണം ആരംഭിച്ച് ഏകദേശം 22 കൊല്ലം കഴിഞ്ഞപ്പോൾ അതായത് 1828-ൽ നാടാർ സ്ത്രീകൾ മാറുമറച്ച് വസ്ത്രം ധരിച്ച് കല്ക്കുളത്തെ തെരുവിൽ പ്രത്യക്ഷപ്പെട്ടു. കുപിതരായ സവർണ്ണർ ആ സ്ത്രീകളുടെ മാറിലെ വസ്ത്രം കീറിക്കളയുകയും ഉപദ്രവിക്കുകയും ചെയ്തു. നാടാർജനം സംഘടിച്ച് സവർണ്ണ ഹിന്ദുക്കളെ നേരിട്ട് ശക്തമായി തിരിച്ചടിച്ചു. അതാണ് ചാന്നാർലഹള, മാറുമറയ്ക്കൽ സമരം, മുലമാറാപ്പ് വഴക്ക്, ശീലവഴക്ക് എന്നീ പേരുകളിൽ അറിയപ്പെടുന്നത്. 1828 മുതൽ 1859 വരെ നീണ്ടുനിന്ന കലാപത്തിലൂടെയാണ് തിരുവിതാംകൂറിലെ ക്രൈസ്തവവനിതകൾ മാന്യമായ വസ്ത്രധാരണത്തിനുള്ള സ്വാതന്ത്ര്യം നേടിയെടുത്തത്. ക്രൈസ്തവവിശ്വാസം സ്വീകരിക്കാത്തവർ ലഹളയുടെ ആദ്യഘട്ടത്തിൽ മാറുമറയ്ക്കുന്നതിനോ സമരത്തിൽ പങ്കെടുക്കുന്നതിനോ ശ്രമിച്ചില്ല. 1815 മുതൽ 1829 വരെ തിരുവിതാംകൂർ ഭരിച്ച റാണി ഗൗരിപാർവ്വതിഭായിയുടെ കാലത്താരംഭിച്ച ചാന്നാർലഹളയുടെ നീണ്ടവർഷങ്ങളിൽ തിരുവിതാംകൂറിലെ ക്രൈസ്തവർ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു.

1859 ൽ മാധവറാവു ദിവാനും കല്ലൻ സായിപ് റസിഡന്റും ആയിരിക്കുമ്പോഴാണ് ക്രൈസ്തവവനിതകൾക്ക് മാറുമറയ്ക്കാൻ സ്വാതന്ത്ര്യം നല്കുന്ന വിധിയുണ്ടായത്. തിരുവിതാംകൂറിലെ ഈ കാട്ടാളത്തത്തെപ്പറ്റി മിഷണറിമാർ വൈസ്രോയിക്ക് നിവേദനം നല്കി. ബ്രിട്ടീഷ് ഗവൺമെന്റ് കർശനമായി ഇടപെട്ടു. മദ്രാസ് ഗവർണർ സർ ചാൾസ് ട്രെവല്യൻ രോഷാകുലനായി എഴുതി: 'ബ്രിട്ടീഷ് സാമ്രാജ്യം ഭരിക്കുന്നത് ഒരു സ്ത്രീ ആണെന്നും അവരുടെ സാമ്രാജ്യത്തിലെ സഹോദരിമാരുടെ സ്ത്രീത്വത്തെ അവഹേളിക്കുന്നവർ ആരായാലും അവരത് ക്ഷമിക്കയില്ലെന്നും തിരുവിതാംകൂർ രാജാവു ഓർമ്മിക്കണം'. വേണ്ടിവന്നാൽ ബയണറ്റിന്റെ മുനകൊണ്ട് ഈ പരിഷ്കാരം നടപ്പിൽ വരുത്തുമെന്നും മദ്രാസ് ഗവർണർ കല്പിച്ചപ്പോൾ ഗത്യന്തരമില്ലാതെ രാജാവും  ദിവാൻ മാധവറാവുവും അനുസരിക്കേണ്ടിവന്നു. അങ്ങനെ ആർക്കും ഏതുവേഷവും ധരിക്കാം എന്ന കല്പന വന്നു.

ശ്രീനാരായണഗുരുവും (1854), ഗാന്ധിജിയും (1869) ജനിക്കുന്നതിനു മുമ്പാണ് തിരുവിതാംകൂറിലെ ക്രൈസ്തവർ ബ്രാഹ്മണിസത്തിന്റെ കാടത്തത്തിനെതിരെ ത്യാഗോജ്ജ്വലമായ മാറുമറയ്ക്കൽ സമരത്തിനിറങ്ങിയത്. തിരുവിതാംകൂറിലെ നവോത്ഥാനത്തിന്റെ തലതൊട്ടപ്പനായ വൈകുണ്ഠസ്വാമികളുടെ  സമത്വസമാജം പോലും ആരംഭിക്കുന്ന 1836 നു മുമ്പാണ് മാറുമറയ്ക്കൽ സമരം ആരംഭിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് (1885) രൂപീകരിക്കുന്നതിനും കേരളത്തിൽ കമ്യൂണിസം (1930) പ്രചരിക്കുന്നതിനും മുമ്പ് അങ്ങനെ ക്രൈസ്തവർ നടത്തിയ മാറുമറയ്ക്കൽ സമരമാണ് കേരളനവോത്ഥാനത്തിനു നാന്ദിയായത് എന്ന വസ്തുത കേരള നവോത്ഥാന ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ ക്രൈസ്തവരായ എഴുത്തുകാർ പോലും ഈ വിഷയത്തിനു അർഹി

ക്കുന്ന പ്രാധാന്യം ഇതുവരെ കൊടുത്തുകാണുന്നില്ല. 1859-ൽ തെക്കൻ തിരുവിതാംകൂറിൽ ആർക്കും ഏതുവേഷവും ധരിക്കാം എന്ന നിയമം വന്നപ്പോഴും കൊച്ചിരാജ്യത്ത് നായർ സ്ത്രീകൾക്ക് റൗക്ക ധരിച്ചുകൊണ്ട് ക്ഷേത്രത്തിൽ പ്രവേശിക്കാൻ സ്വാതന്ത്ര്യമില്ലായിരുന്നു. 1905 കാലത്ത് തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ റൗക്ക ധരിച്ച് എത്തിയ ചില നായർ സ്ത്രീകളുടെ റൗക്ക ഊരിച്ചിട്ട് ക്ഷേത്രദർശനം അനുവദിച്ച വാർത്ത 1905 ഡിസംബർ 23-ാം തീയതിയിലെ മലയാള മനോരമ റിപ്പോർട്ടു ചെയ്തിരുന്നു. മനുസ്മൃതിയുടെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നായർ സ്ത്രീകളുടെ റൗക്ക അഴിപ്പിച്ചത്. ഇപ്പോൾ നായർ സ്ത്രീകളും മറ്റും സാരിയും ബ്ലൗസും ധരിച്ച് ക്ഷേത്രത്തിൽ പ്രവേശിക്കുന്നത് മനുസ്മൃതിയുടെ നിയമം ഭേദഗതി ചെയ്തതുകൊണ്ടല്ല, ക്രൈസ്തവസംസ്കാരം കേരളത്തെ മാറ്റിമറിച്ചതുകൊണ്ടാണ്. ക്രിസ്ത്യൻ, ഇസ്ലാം പുരോഹിതന്മാരെപ്പോലെ ഹിന്ദു പുരോഹിതന്മാർ മാന്യമായി വസ്ത്രം ധരിക്കണം എന്നു അടുത്തകാലത്ത് ദേവസ്വം മന്ത്രി പ്രസ്താവിച്ചത് നവോത്ഥാനത്തിൽ ക്രൈസ്തവരുടെ പങ്കിനെ അംഗീകരിച്ചു അടിവരയിടുന്നതാണ്. 1788 – ൽ ടിപ്പുസുൽത്താൻ നടത്തിയ കോഴിക്കോട്ടു വിളംബരത്തിലൂടെ മലബാറിലെ സ്ത്രീകൾ മാറുമറച്ചു. എന്നാൽ കേവലം എട്ടു വർഷംകൊണ്ട് ടിപ്പുവിന്റെ ഭരണം അവസാനിച്ചതോടെ സ്ത്രീകൾ മാറിലെ വസ്ത്രം ദൂരെ എറിഞ്ഞു. പിന്നെ ബാസൽ മിഷന്റെ പ്രവർത്തനവും മലബാറിന്റെ അറബിസമ്പർക്കവുമാണ് ബ്രാഹ്മണിസത്തിൽ നിന്നും മലബാറിനെ മോചിപ്പിച്ചത്. ആർക്കും ഏതുവേഷവും ധരിക്കാം എന്ന സ്വാതന്ത്ര്യം തിരുവിതാംകൂറിനു കൈവന്നത് ക്രൈസ്തവമിഷണറിമാരുടെ ശക്തവും ധീരവുമായ ഇടപെടൽ കൊണ്ടാണ്. പൊതുവെ കേരളത്തിനു മുന്നിൽ സംസ്കാരത്തിന്റെയും മാനവികതയുടെയും വാതിൽ തുറന്നത് ക്രൈസ്തവരാണ്.

☺

---

*14-ാം പേജ് തുടർച്ച... **(ലക്ഷ്യം)***


It is not a chance..... It is an appointment by God. ലക്ഷ്യം തെറ്റിക്കുന്ന പല പ്രലോഭനങ്ങളും നമ്മുടെ മുമ്പിൽ വരും. വിദ്യാർത്ഥി പഠിക്കാതിരിക്കുമ്പോഴും തൊഴിലാളി ജോലി ചെയ്യാതിരിക്കുമ്പോഴും പട്ടാളക്കാരൻ ഡ്യൂട്ടിയിൽ ജാഗ്രത കാട്ടാതിരിക്കുമ്പോഴും സംഭവിക്കുന്നത് ഇത്തരം പ്രലോഭനങ്ങൾക്ക് അടിമയാകുന്നതാണ്.

ഭീകര പ്രവർത്തനങ്ങൾ സമൂഹത്തിന്റെയും രാജ്യത്തിന്റെയും ലക്ഷ്യം തെറ്റിക്കുന്നതിനായി ആസൂത്രണം ചെയ്യപ്പെടുന്നവയാണ്. ലക്ഷ്യം തെറ്റിയ സമൂഹം പരസ്പരം യുദ്ധം ചെയ്തു നശിക്കണം എന്നാണ് തീവ്രവാദികളെ നമ്മുടെ രാജ്യത്തിലേക്കു കടത്തിവിടുന്ന ശത്രുക്കളുടെ ലക്ഷ്യം. അവരെ പരാജയപ്പെടുത്തുക എന്നതാവണം ഓരോ ഇൻഡ്യൻ പൗരന്റെയും ലക്ഷ്യം. അതു നമ്മുടെ കർത്തവ്യം കൂടിയാണ്.

ഇന്റർനെറ്റിലെ അശ്ലീലതയും ചാറ്റിംഗും, മാർക്കറ്റിലെ പൈങ്കിളി സാഹിത്യവുമൊക്കെ യുവാക്കളുടെ ലക്ഷ്യം തെറ്റിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ലക്ഷ്യം തെറ്റിയ വ്യക്തിയും സമൂഹവും രാജ്യങ്ങളുമെല്ലാം അപകടകാരികളാണ്. അവർ ലക്ഷ്യബോധത്തോടെ ജീവിക്കുന്നവരുടെ ജീവിതത്തിൽ എപ്പോഴും അപസ്വരങ്ങളുണ്ടാക്കിക്കൊണ്ടിരിക്കും. നമുക്കു ചുറ്റും ലക്ഷ്യം തെറ്റി അലയുന്ന അനവധി സഹോദരങ്ങളുണ്ട്. നമുക്കവരെ കണ്ടുമുട്ടാം. പലരേയും വലിയ ശ്രമമൊന്നും കൂടാതെ നേർവഴിയിലേക്കു കൊണ്ടുവരാൻ നമുക്കു സാധിക്കും. അവർ സമൂഹത്തിന് ഒരു ഭാരവും ബാദ്ധ്യതയും ആകുന്നതിനു മുമ്പ് അവരെ രക്ഷിക്കാൻ നമുക്കാവും.

ഒരാളെങ്കിൽ ഒരാൾ... ഒരു ജീവിതത്തിനു വെളിച്ചം നല്കാൻ കഴിഞ്ഞാൽത്തന്നെ ഈ ജന്മം സഫലമായി എന്നു ഞാൻ വിശ്വസിക്കുന്നു.

☺



# വിശ്വാസത്തിനുവേണ്ടി പോരാടുക

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

**ക്രൈ**സ്തവവിശ്വാസം കഠിനശോധനയിലൂടെ കടന്നുപോകുന്ന ഒരു കാലയളവിലാണു നാം ജീവിക്കുന്നത്. അന്ത്യകാലത്തു ഇതു സംഭവിക്കേണ്ടതാകുന്നുവെന്ന് യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ആവർത്തിച്ചു പറഞ്ഞിരുന്നതാണ്. അതുകൊണ്ട് നാമിതിൽ അത്ഭുതപ്പെടേണ്ട ആവശ്യമില്ല. ആദിമസഭയുടെ ആരംഭത്തെക്കുറിച്ചും ശൈശവത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ഗ്രന്ഥമാണു അപ്പൊസ്തലപ്രവൃത്തികൾ എങ്കിൽ, സഭായുഗത്തിന്റെ സമാപനത്തെയും വിനാശത്തെയും കുറിച്ചു മുന്നറിയിപ്പു നല്കുന്ന ഗ്രന്ഥമാണ് യൂദായുടെ ലേഖനം. വിശ്വാസം, വിശ്വാസത്യാഗം എന്നീ വിഷയങ്ങൾ മാത്രം വിശകലനം ചെയ്യുന്ന, വേദപുസ്തകത്തിലെ ഏകപുസ്തകമാണിത്. എന്നാൽ അതൊരു നവീനാശയവും അല്ല. ദൈവത്തിന്റെ സ്വന്ത ജനമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഇസ്രയേൽ വിശ്വാസത്യാഗികളായിരുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ കർത്താവായ യേശുക്രിസ്തു മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ  എന്നു ചോദിക്കുന്നു (ലൂക്കൊ. 18:8) അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും (2 തിമൊ. 3:1) എന്നു യുവസുവിശേഷകനായിരുന്ന തിമൊഥെയോസിനു പൗലൊസ് മുന്നറിയിപ്പു നല്കുന്നു. അപ്പൊസ്തലനായ പത്രൊസ് നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും അഥവാ, വരാൻ പോകുന്നു (They are coming 2 പത്രൊസ് 2:1). യൂദാ A.D 67 നും 80 നുമിടയിൽ ലേഖനമെഴുതുമ്പോൾ ഇതരർ മുന്നറിയിപ്പു നല്കിയ കാര്യം സംഭവിച്ചിരിക്കുന്നുവെന്നാണെഴുതുന്നത്. അഭക്തരായ ചിലർ നുഴഞ്ഞുവന്നിരിക്കുന്നു (They have come).

ആദിമനൂറ്റാണ്ടിൽ സർവ്വസാധാരണയായി നാമകരണം ചെയ്തിരുന്ന ഒരു പേരാണ് യൂദാ എന്നത്. എന്നാൽ കർത്താവായ യേശുക്രിസ്തുവിനെ ഇസ്കര്യോത്താ യൂദാ ഒറ്റിക്കൊടുത്തശേഷം യഹൂദന്മാരുടെ ഇടയിൽ അന്യംനിന്നുപോയ ഒരു പേരുമാണ് യൂദാ എന്നുള്ളത്. പുതിയനിയമത്തിൽ അഞ്ചു യൂദാകളെ കാണാവുന്നതാണ്. ഒന്നാമതായി നമ്മുടെ മനോമുകുരത്തിലോടിയെത്തുന്ന യൂദാ, നമ്മുടെ കർത്താവിനെ മുപ്പതുവെള്ളിക്കാശിനു ഒറ്റിക്കൊടുത്ത ശിഷ്യനായിരുന്ന യൂദായാണ്. പന്ത്രണ്ടു ശിഷ്യന്മാരുടെ കൂട്ടത്തിൽ തദ്ദായി എന്ന യൂദായും ഉണ്ടായിരുന്നു. അപ്പൊ. പ്രവൃത്തികൾ 9:12ൽ ഒരു യൂദായുടെ വീട്ടിൽ തർസൊസുകാരനായ ശൗൽ താമസിച്ചതായി കാണുന്നു. യരുശലേം സഭയിലെ പ്രമാണികളിൽ ഒരുവൻ ബർശബാസ് എന്ന യൂദാ ആയിരുന്നതായി അപ്പൊ. പ്രവൃത്തി. 15:22ൽ കാണുന്നു. എന്നാൽ ഇവർ ആരുമല്ല യൂദായുടെ ലേഖനകർത്താവെന്ന് ആധികാരികമായി പ്രസ്താവിക്കുവാൻ സാധിക്കും. യൂദായുടെ ലേഖനകാരൻ സ്വയം പരിചയപ്പെടുത്തുന്നതു ശ്രദ്ധിക്കുക. അദ്ദേഹം യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമാണ്. ഇനി ഈ യാക്കോബ് ആരെന്നു കണ്ടുപിടിച്ചാൽ ലേഖനകർത്താവും ആരെന്നു സ്ഥാപിക്കുവാൻ സാധിക്കും. യേശുക്രിസ്തുവിന്റെ സഹോദരനായ യാക്കോബ് ആദിമസഭയിലെ അനിഷേധ്യ നേതാക്കളിൽ ഒരാൾ ആയിരുന്നു. ആ യാക്കോബിന്റെ സഹോദരനാണ് (യൂദായുടെ) ലേഖനകർത്താവായ യൂദാ. വിനയം മുഖമുദ്രയായിരുന്ന യൂദാ,

താൻ യേശുക്രിസ്തുവിന്റെ സഹോദരൻ ആണെന്നുള്ള അവകാശവാദം മുഴക്കാതെ, യേശുക്രിസ്തുവിന്റെ ദാസൻ ആണെന്ന് സാഭിമാനം പ്രസ്താവിക്കുന്നു. യൂദായുടെ മറ്റൊരു സവിശേഷത, അദ്ദേഹം സഹവിശ്വാസികളെ സ്നേഹിക്കുന്ന ഒരുവൻ ആയിരുന്നു എന്നതാണ്. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ തുലോം വിരളമായ ഒന്നാണത്. 3, 17, 20 വാക്യങ്ങളിൽ സഹവിശ്വാസികൾ തനിക്കു പ്രിയപ്പെട്ടവരാണെന്നു അദ്ദേഹം അടിവരയിട്ടു നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്കോ?

പണ്ഡിതനും പാമരനും കുബേരനും കുചേലനും യഹൂദനും യവനനും എല്ലാം പൊതുവായുള്ള രക്ഷ; രക്ഷയ്ക്കു ഒരേ വ്യവസ്ഥയും. ഇത്ര വലിയ രക്ഷയെക്കുറിച്ചു എഴുതാനാണ് യൂദാ ആരംഭിച്ചതെങ്കിലും കൂടുതൽ ഹൃദയഭാരം തോന്നിയ മറ്റൊരു വിഷയത്തെക്കുറിച്ചു താൻ എഴുതേണ്ടത് കൂടുതൽ ആവശ്യമാണെന്നു ആത്മാവു തന്നെ ബോധ്യപ്പെടുത്തിയതുകൊണ്ട് എഴുതാൻ തുടങ്ങിയ വിഷയത്തിനു പകരമായി മറ്റൊരു വിഷയമാണ് അദ്ദേഹം ഇവിടെ കൈകാര്യം ചെയ്യുന്നത്. ദുരുപദേഷ്ടാക്കന്മാരുടെ നുഴഞ്ഞു കയറ്റം കണ്ട് അസ്വസ്ഥനായ യൂദാ, പൊതുവിലുള്ള രക്ഷയെക്കുറിച്ചു പ്രതിപാദിക്കുന്നതിനുപകരം നുഴഞ്ഞുകയറിയിരിക്കുന്ന ദുരുപദേഷ്ടാക്കന്മാരിൽ നിന്നും സഭ അഭിമുഖീകരിക്കുന്ന വിപത്തിനെക്കുറിച്ചു മുന്നറിയിപ്പു നല്കാൻ ഉദ്യമിക്കുന്നു. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. വേദപുസ്തകഗ്രന്ഥകാരന്മാർ ആരും തന്നെ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ മറവിൽ സ്വന്ത അഭിപ്രായങ്ങളോ അനുമാനങ്ങളോ എഴുതിയവർ അല്ല. അവരുടെ പേരുള്ള ഗ്രന്ഥങ്ങൾ ഒന്നുംതന്നെ മാനുഷികനിർമ്മിതവുമല്ല. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ എന്ന് 2 തിമൊത്തി 3:16ൽ കാണുന്നു. വേദപുസ്തകത്തിലെ എഴുത്തുകാർ പരിശുദ്ധാത്മ നിയന്ത്രണത്തിലും ആത്മനിറവിലും ദൈവം അവർക്കു വെളിപ്പെടുത്തിക്കൊടുത്ത കാര്യങ്ങൾ രേഖപ്പെടുത്തി. എഴുത്തുകാരുടെ സാമൂഹ്യസാംസ്കാരിക പശ്ചാത്തലത്തിലാണവർ എഴുതിയത്. അതുകൊണ്ട് എഴുത്തുകാരുടെ വ്യക്തിമുദ്ര അവരുടെ എഴുത്തുകളിൽ പ്രതിഫലിച്ചിട്ടുണ്ട്. പത്രൊസ് അപ്പൊസ്തലന്റെ ഭാഷയിൽ തിരുവെഴുത്തിലെ പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ (2 പത്രൊസ് 1:21).

ദൈവദാസന്മാർ എന്നുനടിച്ച് യഥാർത്ഥത്തിൽ ക്രൂശിന്റെ ശത്രുക്കൾ ആയിരുന്നവരുടെ നുഴഞ്ഞുകയറ്റം ആദിമസഭയ്ക്ക് ഒരു പ്രശ്നമായിരുന്നു. സത്യവിശ്വാസിയായി നടിക്കുകയും അതേ സമയം യഥാർത്ഥ മനഃപരിവർത്തനം ഉണ്ടായിട്ടില്ലാത്തതുമായ അത്തരം വിശ്വാസവഞ്ചകരെ വെളിച്ചത്തുകൊണ്ടുവരിക എന്നതും അവരുടെ ആത്യന്തികവിനാശം വ്യക്തമാക്കുകയുമായിരുന്നു യൂദാ തന്റെ ലേഖനത്തിലൂടെ ലക്ഷ്യമാക്കിയത്. അതോടൊപ്പം തന്നെ ദുരുപദേശത്തിന്റെ ദോഷഫലങ്ങളെക്കുറിച്ചു വിശ്വാസികളെ ബോധവത്കരിക്കാനും ചതിക്കുഴിയിൽ പെട്ടവരെ കരകയറ്റുവാനും യൂദാ മുതിരുന്നു. ക്രിസ്ത്യാനിക്കു യഥേഷ്ടം ജീവിക്കയും പ്രവർത്തിക്കയും ചെയ്യാമെന്നും ദൈവശിക്ഷയെ ഭയപ്പെടേണ്ടതില്ലെന്നും പഠിപ്പിച്ച ദുരുപദേഷ്ടാക്കന്മാർക്കെതിരായിട്ടാണു യൂദായുടെ ലേഖനം. അതേ രീതിയിൽ ഇന്നു സഭകളിൽ പഠിപ്പിക്കുന്നില്ലെങ്കിലും മതമേലദ്ധ്യക്ഷന്മാർ മുതൽ സാധാരണ വിശ്വാസികൾ വരെയുള്ള അനേകരുടെയും ജീവിതം അത്തരമൊരു തത്ത്വശാസ്ത്രത്തിന്റെ പ്രത്യക്ഷ പ്രതിഫലനമാണ്. നാമധേയ ക്രിസ്ത്യാനിത്വത്തിനു ശക്തമായ ഒരു മുന്നറിയിപ്പാണ് ഈ ലേഖനം. ദൈവവചനത്തിന്റെ ആധികാരികതയും ദൈവനിശ്വാസ്യതയും വിശ്വാസ്യതയും അനുസ്യൂതം ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ യൂദായുടെ ഉദ്ബോധനത്തിന്റെ കാലികപ്രസക്തി വർദ്ധിക്കുന്നു.

പ്രാരംഭവന്ദനത്തിനുശേഷം മൂന്നു മുതൽ 16 വരെ വാക്യങ്ങളിൽ യൂദാ വിശ്വാസത്യാഗികളെ അനാവരണം ചെയ്യുന്നു. 17 മുതൽ

23 വരെ വാക്യങ്ങളിൽ വിശ്വാസത്യാഗം സംബ ന്ധിച്ച് വിശ്വാസിയുടെ ധർമ്മം അഥവാ ഉത്തര വാദിത്തം ചൂണ്ടിക്കാണിക്കുന്നു. വിശ്വാസത്തിനു വേണ്ടി അടരാടുവാൻ അനുവാചകരെ ഉത്സു കരാക്കാൻ യൂദാ ഉദ്യമിക്കുന്നു.

വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നു എനിക്കു തോന്നി. 'പൊരുതുക' എന്ന പദം കളിക്കളത്തിൽനിന്നും കടം വാങ്ങിയ പദമാണ്. സർവ്വ ശക്തിയും ലക്ഷ്യപ്രാപ്തിക്കു വേണ്ടി വിനിയോഗിക്കാനാണ് ആഹ്വാനം. വിശ്വാസം രക്ഷിക്കും എന്നുള്ള പ്രയോഗം സർവ്വസാധാരണമാണ്. അതു കേൾക്കു മ്പോൾ അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കും എന്നാണ് നമ്മിൽ മിക്കവരുടെയും പ്രതികരണം. അങ്ങനെയെങ്കിൽ ഒരു ഹിന്ദു വിന്റെ കൃഷ്ണനിലുള്ള വിശ്വാസം അവനെ രക്ഷിക്കണം. മുസ്ലീമിന്റെ നബിയിലുള്ള വിശ്വാസം അവനു രക്ഷ നല്കണം. പക്ഷേ, ദൈവവചനമായ ബൈബിൾ പറയുന്നു: മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്ക പ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല. അഥവാ, മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരാ ർത്ഥം മരിച്ചുയിർത്തെഴുന്നേറ്റു ജീവിക്കുന്ന എകദൈവം കർത്താവായ യേശുക്രിസ്തു മാത്രം. അവിടുന്നാണ് വഴിയും സത്യവും ജീവനും മാനവരാശിയുടെ ഏകരക്ഷാ മാർഗ്ഗവും. അതാണു നമ്മുടെ വിശ്വാസത്തിന്റെ ആധാരം. അതു വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസമാണ്. സ്ഥല കാലപരിതഃസ്ഥിതികൾക്കനുസൃതമായി രൂപഭേദം പ്രാപിക്കുന്ന ഒരു വിശ്വാസമല്ല അത്. അതിർത്തിയിലൂടെ ഭീകരപ്രവർത്തകർ നുഴഞ്ഞു കയറുന്നതുപോലെ ഈ വിശ്വാസത്തിനു തുരങ്കം വയ്ക്കുന്ന ദുരുപദേഷ്ടാക്കന്മാരും കള്ള പ്രവാചകന്മാരും സഭകളിൽ നുഴഞ്ഞുകയറി യിട്ടുണ്ട്. യേശുക്രിസ്തുവിനെക്കുറിച്ചോ വേദപുസ്തക സത്യങ്ങളെക്കുറിച്ചോ അവർ അജ്ഞരല്ല. സത്യത്തിന്റെ കാവൽഭടന്മാർ ആയിരിക്കേണ്ടവരാണവർ. പക്ഷേ, ലക്ഷ്യ ത്തിൽനിന്നും അനേകകാതം അകന്നുപോയ വിശ്വാസത്യാഗികളാണവർ. പാപിയുടെ മാനസാന്തരത്തിനും പാപമോചനത്തിനും ക്രിസ്തുവിന്റെ ക്രൂശുമരണം അനിവാര്യ മല്ലെന്നു അവർ പഠിപ്പിക്കുന്നു. വിവിധ മതാനുയായികൾ അനുഷ്ഠിക്കുന്ന കർമ്മ മാർഗ്ഗങ്ങളിലൂടെ രക്ഷ കരഗതമാകുമെന്ന് അവർ വിശ്വസിക്കുന്നു.

ഇതെല്ലാം കണ്ടും കേട്ടും ഇരുന്നാൽ പോരാ, അതിനെതിരായി പ്രതികരിക്കണ മെന്നാണ് യൂദാ നമ്മെ പഠിപ്പിക്കുന്നത്. പൊതു നിരത്തുകളിലെ പ്രകടനത്തിലൂടെയോ നിയമ ലംഘനത്തിലൂടെയോ വിപ്ലവത്തിലൂടെയോ മാരകങ്ങളായ ആയുധങ്ങളേന്തിയോ പ്രതി കരിക്കാനല്ല ദൈവവചനം നമ്മെ ഉദ്ബോധി പ്പിക്കുന്നത്. വിശ്വാസത്തിനുവേണ്ടി പോരാ ടുവാൻ ചില പ്രായോഗിക നിർദ്ദേശങ്ങൾ യൂദാ നല്കുന്നു.

**1. സ്വയം ആത്മികവർദ്ധന വരുത്തുക. (വാക്യം 20)**

നാം പടയാളികൾ എങ്കിൽ ഒന്നാമതായി ആയുധം കൈകാര്യം ചെയ്യാൻ അഭ്യസി ച്ചിരിക്കണം. ബാങ്കുകളിൽ കള്ളനോട്ടു കണ്ടു പിടിക്കാനുള്ള പരിശീലനം ആവുന്നി ടത്തോളം കള്ളനോട്ടുകൾ ശേഖരിച്ച് അവയെ വിശദമായി പഠിക്കുകയല്ല പിന്നെയോ ശരി യായ നോട്ടുകൾ തിരിച്ചറിയാനുള്ള കഴിവു ണ്ടാക്കുകയാണെന്നു കേട്ടിട്ടുണ്ട്. ദുരുപദേശ ങ്ങൾ തലനാരിഴകീറി അപഗ്രഥിക്കുന്നതിനു പകരം വേദപുസ്തക ഉപദേശസത്യങ്ങൾ ശരി യായി പഠിക്കുക. അതിനുള്ള ഏകമാർഗ്ഗം വേദപുസ്തകം ക്രമമായി വായിക്കയും ധ്യാനി ക്കയും അതിനനുസൃതമായി ജീവിക്കയും ചെയ്യുക. വ്യക്തിജീവിതത്തിൽ ആത്മിക വർദ്ധന ഉണ്ടാകണമെങ്കിൽ സഹവിശ്വാസി കളുമായുള്ള കൂട്ടായ്മ അനുപേക്ഷണീയമാണ്.

ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പി പ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു

അധികമധികമായി ചെയ്യേണ്ടതാകുന്നു (എബ്രാ.10:24,25).

കാണുന്ന സകല 'കൂട്ടായ്മ'കൾക്കും ഓടിനടന്നാൽ ആത്മികവർദ്ധനയ്ക്കുപകരം ഉപദേശസത്യങ്ങളെക്കുറിച്ചു ചിന്താക്കുഴപ്പവും തദ്വാരാ, ആത്മികമൂല്യശോഷണവും സംഭവിക്കാവുന്നതാണ്. സുവിശേഷസത്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന സഭയുടെ സജീവ അംഗമായെങ്കിൽ മാത്രമേ ആത്മികവർദ്ധന കരഗതമാകുകയുള്ളു. പ്രാദേശികസഭയിലെ പ്രാഥമികഅംഗത്വം കൊണ്ടു സംതൃപ്തിയടയാതെ സഭയുടെ ആത്മികവും ഭൗതികവുമായ എല്ലാ ശുശ്രൂഷകളിലും സജീവ പങ്കാളിത്തം വഹിക്കാൻ എല്ലാ അംഗങ്ങളും ഒരുപോലെ ബാധ്യസ്ഥരാണ്.

**2. വിശ്വാസത്തിനുവേണ്ടി നിലകൊള്ളുക.** വേദപുസ്തക അടിസ്ഥാനസത്യങ്ങളെ ചോദ്യം ചെയ്യുന്നവർക്കു ശരിയായ ഉപദേശം പറഞ്ഞു കൊടുക്കുന്നതിന്, ഒന്നാമത് നാം അതറിഞ്ഞിരിക്കണം.

നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ (1 പത്രൊസ് 3:15).

**3. പ്രാർത്ഥന ജീവിതത്തിന്റെ അവിഭാജ്യഘടകമാക്കുക ( വാക്യം 20)**

നമ്മുടെ കർത്താവിന്റെ മാതൃകയാണ് ഏറ്റവും അനുകരണീയമായിട്ടുള്ളത്. അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജ്ജനസ്ഥലത്തുചെന്നു പ്രാർത്ഥിച്ചു. (മർക്കൊസ് 1:35). എല്ലാവരും നിർജ്ജനദേശം തേടിപോകണമെന്നല്ല ഇവിടെ അർത്ഥമാക്കുന്നത് പ്രത്യുത, നമ്മുടെ ഭവനത്തിന്റെ ഒരു മുറിയുടെ സ്വകാര്യതയിൽ ഏകാന്തമായിരുന്ന് ദൈവഹിതത്തിലും പരിശുദ്ധാത്മ നിയന്ത്രണത്തിലും ഏകാഗ്രഹൃദയത്തോടെയുള്ള പ്രാർത്ഥനയാണു വേണ്ടത്. അതു കേവലം യാന്ത്രികമായ ജല്പനമോ കാണാപ്പാഠം പഠിച്ച് എന്നും ഉരുവിടുന്ന പ്രാർത്ഥനയോ ആകാൻ പാടില്ല. ആവശ്യങ്ങൾ സ്തോത്രത്തോടെ അറിയിക്കയത്രേ വേണ്ടത്. കർത്താവായ യേശുക്രിസ്തുവിന്റെ അനതിവിദൂരഭാവിയിലുള്ള മടങ്ങിവരവിന്റെ പ്രതീക്ഷയോടെ വേണം നാം പ്രാർത്ഥിക്കുന്നത്. പ്രഭാതത്തിൽതന്നെ ദൈവത്തെ കണ്ടെത്തിയാൽ ദിവസം മുഴുവനും ദൈവിക സംസർഗ്ഗത്തിലായിരിപ്പാൻ നമുക്കു സാധിക്കും.

**4. കർത്താവിനെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുക** അഥവാ, നമ്മുടെ വിശ്വാസം പ്രവൃത്തിപഥത്തിലെത്തിക്കുക (വാക്യങ്ങൾ 22, 23). അതു വിവിധമാർഗ്ഗങ്ങളിലൂടെ വേണമെന്നാണ് യൂദാ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. അതിനു പരമപ്രധാനമായി നാം ദൈവസ്നേഹത്തിൽ നമ്മെത്തന്നെ സൂക്ഷിക്കണം. ചിലരോടു കരുണ കാണിക്കണം. ഭൗതികസഹായം അർഹിക്കുന്നവരോടു കരുണ കാണിക്കുക എന്നതു നമുക്കു പലപ്പോഴും ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. പക്ഷേ, അത്തരം പ്രവൃത്തികളിലൂടെ ക്രിസ്തുവിന്റെ സ്നേഹം നാം പ്രകടിപ്പിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ മാർഗ്ഗം അവർക്കു ആകർഷകമായിത്തോന്നാം. വേറേ ചിലർക്കു തക്കസമയത്ത് രക്ഷയ്ക്കുള്ള വഴി കാണിച്ചുകൊടുത്താൽ മതിയാകും. ഒരു പാപിയെ നേടുന്നതിനു അവനെ നാം സ്നേഹിച്ചെങ്കിലേ അതു സാധ്യമാകയുള്ളു. പാപിയെ സ്നേഹിക്കുമ്പോൾ തന്നെ പാപത്തെ വെറുക്കുകയും കറപുരളാതെ നമ്മെത്തന്നെ സൂക്ഷിക്കയും ചെയ്യാൻ നാം ശ്രദ്ധിക്കേണ്ടതാണ്. അഥവാ, നാം വിശുദ്ധജീവിതത്തിന്റെ ഉടമകൾ ആയിരിക്കണം.

ദുരുപദേഷ്ടാക്കന്മാരെക്കുറിച്ച് അവർ ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ എന്നും അവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതന്മാർ, ആത്മാവില്ലാത്തവർ എന്നും ആണ് യൂദാ പറഞ്ഞിരിക്കുന്നത്. ഇന്നു സഭകളിൽ അത്തരക്കാർ നുഴഞ്ഞുകയറിക്കൊണ്ടിരിക്കയാണ്. അവരെ നേരിടുവാൻ വിശ്വാസികൾ സദാ ജാഗരൂകരായിരിക്കണം. അവരോടു പോരാടുന്നതിനു ആവശ്യമായത് ധന്യമായ, അനുഗ്രഹകരമായ, മാതൃകാപരമായ ആത്മികാഭിവൃദ്ധിയുള്ള വിശുദ്ധജീവിതമാണ്. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. ☺

*5-ാം പേജ് തുടർച്ച... (കാത്തിരിക്കുന്ന....)*

ക്കുന്നതിനുള്ള തത്രപ്പാടാണോ? പ്രിയൻ മതിലിനു പുറത്ത് കാത്തു നില്ക്കുന്ന തറിയാതെ ശൂലമി, തന്റെ പ്രിയന്റെ സ്നേഹത്തെക്കുറിച്ച് യെരുശലേം പുത്രിമാരോട് വർണ്ണിച്ചുകൊണ്ടിരുന്നതുപോലെ കർത്താവിനെ മറന്നും കർത്തൃശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കയാണോ? നമ്മെ അല്പസമയം വേറിട്ട് കിട്ടുവാൻ കർത്താവ് എവിടെ വന്നാണ് കാത്തിരിക്കേണ്ടത്--? നമ്മുടെ തിരക്കൊഴിയാൻ കർത്താവ് കാത്തിരിക്കണമോ..? നാം വ്യാപൃതരായും തിരക്കുള്ളവരായുമിരിക്കുന്ന സാഹചര്യങ്ങൾക്കുപുറമെ നാം ഒഴിവുള്ളവരാകാൻ കർത്താവ് കാത്തിരിക്കണമോ..?

നമുക്കു സ്വയം ശോധന ചെയ്യാം. കർത്താവിന്റെ സന്നിധിയിലിരിക്കാൻ സമയം വേർതിരിക്കാം. അവനോട് സംഭാഷിക്കാം. അവനോടൊപ്പം സഞ്ചരിക്കാം. ഹാനോക്കിനെപ്പോലെ അവനോടുകൂടെ നടക്കാം. സംശയങ്ങളൊക്കെയും അവനോട് ചോദിച്ചറിയാം. യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തരായിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന് ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു. അതെ, തന്നെത്താൻ നമുക്കു വെളിപ്പെടുത്തേണ്ടതിന്, താൻ സകലത്തിനും മതിയായവനെന്നു ബോധ്യപ്പെടുത്തേണ്ടതിന് അവൻ കാത്തിരിക്കുന്നു.!!! ☺

---

*8-ാം പേജ് തുടർച്ച... (നിന്റെ ഉച്ചാരണം...)*

നാണെന്ന് തെളിയിച്ചു. "നീയും അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം; നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ" എന്ന് ചിലർ ഉറപ്പിച്ചു പറഞ്ഞപ്പോഴും "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല" എന്ന് പത്രൊസ് പ്രാകുവാനും ആണയിടുവാനും തുടങ്ങി.


ഞാൻ ഏകദേശം 65 വർഷക്കാലമായി കർണ്ണാടകരാജ്യത്തെ പ്രജയാണ്. കന്നട വായിക്കുവാനും സംസാരിക്കുവാനും എന്റെ മാതൃഭാഷപോലെ തന്നെ എനിക്കു വശമാണ്. എന്നാൽ ഇവിടുത്തെ ആളുകൾ ഇപ്പോഴും "നിങ്ങളുടെ നാട് എവിടെയാണ്" എന്നു ചോദിക്കാറുണ്ട്. എന്റെ ഉച്ചാരണം എന്റെ വ്യക്തിത്വത്തെ പ്രദർശിപ്പിക്കുന്നു. 35 വർഷങ്ങൾക്കു മുമ്പ് ഞാൻ കാനഡയിൽ വിദ്യാഭ്യാസം ചെയ്കയും വർഷങ്ങളോളം അവിടെ താമസിക്കുകയും ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ് നന്നായി എഴുതുകയും സംസാരിക്കുകയും ചെയ്യാൻ കഴിവുണ്ടെന്നാണ് എന്റെ വിശ്വാസം. എന്നാൽ അവിടുത്തെ ജനങ്ങളോട് ടെലിഫോണിൽ സംസാരിക്കുമ്പോൾ എന്നെ കണ്ടിട്ടില്ലെങ്കിൽ തന്നെയും ഞാൻ "ഒറിജിനൽ" കാനഡാക്കാരിയല്ലെന്ന് എന്റെ ഉച്ചാരണം തെളിയിക്കുന്നു. ഓരോ രാജ്യക്കാരുടെയും പ്രവിശ്യക്കാരുടെയും സംസാരരീതി വ്യത്യസ്തമായിരിക്കും.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഗിലെയാദ്യരും എഫ്രയീമ്യരുമായി നടന്ന യുദ്ധസമയത്ത് ഗിലെയാദ്യരെന്ന് ഭാവിച്ച് യോർദ്ദാന്റെ കടവുകൾ കടന്ന് രക്ഷപ്പെടാനെത്തിയ എഫ്രയീമ്യർക്ക് ഒരു പരീക്ഷയിൽകൂടെ കടക്കേണ്ടിയിരുന്നു. "ശിബ്ബോലെത്ത്" എന്ന പദം ശരിയായി ഉച്ചരിപ്പാൻ കഴിയാതെ, "സിബ്ബോലെത്ത്" എന്നു പറഞ്ഞ നാല്പത്തീരായിരംപേർ കൊല്ലപ്പെട്ടു. അവരുടെ ഉച്ചാരണം ജീവഹാനിക്കു കാരണമായി (ന്യായാ. 12:5-6).

ദൈവമക്കളായ നമ്മുടെ സംസാരരീതി, നാം ഉപയോഗിക്കുന്ന പദങ്ങൾ എന്നിവ വിശ്വാസികൾക്ക് അനുയോജ്യമായിരിക്കണം. "പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്" (എഫെ. 5:4). നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകയാൽ അതിന് യോഗ്യമായ രീതിയിൽ നമുക്ക് സംസാരിക്കാം. നമ്മുടെ വാക്കുകൾ കൃപയോടുകൂടിയതും, ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ. നമ്മുടെ ദൈനംദിനമുള്ള ജീവിതരീതിയും സംഭാഷണവും കർത്തൃനാമമഹത്ത്വത്തിന് ഉതകുമാറാകട്ടെ. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും ദൈവനാമം മഹത്ത്വീകരിക്കപ്പെടട്ടെ. ഇവർ യേശുവിനോടുകൂടെയുള്ളവർ എന്ന് മറ്റുള്ളവർ പറയുവാൻ ഇടയാകട്ടെ (അപ്പൊ.പ്ര. 4:13). ☺

# അനുഭവസാക്ഷ്യം

ബ്രദർ റ്റി. കെ. മുസ്തഫ, മഞ്ചേരി, മലപ്പുറം



**ഞാ**നൊരു യാഥാസ്ഥിതിക മുസ്ലീം കുടുംബത്തിലാണു ജനിച്ചത്. എന്റെ മാതാപിതാക്കൾക്കു മക്കളായി മൂന്നു പെൺമക്കളും രണ്ടു ആൺമക്കളുമാണുള്ളത്. 2008 -ൽ മലയാളത്തിൽ ബി. എ. ബിരുദം നേടിയ ഞാൻ നാലുവർഷം ഒരു മാധ്യമപ്രവർത്തകനായി ജോലി ചെയ്തു. ഇപ്പോൾ മഞ്ചേരിയിൽ മാർക്കസ് അൽ ബിഷാരയുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്നു.

യാഥാസ്ഥിതിക ഇസ്ലാമിക പശ്ചാത്തലത്തിൽ വളർന്നുവന്ന ഞാൻ ഒരു തികഞ്ഞ ഇസ്ലാം മതവിശ്വാസിയായിരുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ ചോദ്യം ചെയ്യുന്ന ഒരു ലഘുലേഖ ലഭിച്ചത് വേദപുസ്തകം പഠിക്കാനുള്ള പ്രേരണ നല്കി. പക്ഷേ, അതെന്നെ ബൈബിളിന്റെ ഒരു കടുത്ത വിമർശകനാക്കി മാറ്റി. 2008 - ൽ ഒരു ക്രൈസ്തവ മിഷണറിയുമായി വാഗ്വാദത്തിലേർപ്പെട്ട എന്നോടു അദ്ദേഹം, "ഇന്നു താങ്കൾ മരിച്ചാൽ നിത്യത എവിടെയായിരിക്കും ചെലവഴിക്കുക?" എന്നു ചോദിച്ചു. ആ ചോദ്യം എന്നെ വല്ലാതെ അസ്വസ്ഥനാക്കി. അതിന്റെ ഉത്തരം ഖുറാനിൽ കണ്ടെത്താനാകാതെ കൂടുതൽ അസ്വസ്ഥനായ ഞാനിങ്ങനെ പ്രാർത്ഥിച്ചു. "എന്റെ ഈ പ്രതിസന്ധിയിൽ നിന്നും എന്നെ വിടുവിക്കാൻ ശക്തനായ ഒരു ദൈവമുണ്ടെങ്കിൽ, ആ ദൈവം എന്നെ സഹായിക്കേണമേ". ആ പ്രാർത്ഥനയുടെ മറുപടി എനിക്കു ലഭിച്ചത് ഇപ്രകാരമാണ്. "ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴിവിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളത്". 2010 ജൂൺ 22-ാം തീയതി ഞാൻ യേശുക്രിസ്തുവിനെ എന്റെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. അന്നേദിവസംതന്നെ ഞാൻ സ്വഭവനത്തിൽ നിന്നും നിഷ്കാസിതനായി. തദനന്തരം മാർക്കസ് അൽ ബിഷാര ബൈബിൾ സ്കൂളിൽ പഠിക്കയും തുടർന്ന് അവരോടുള്ള ബന്ധത്തിൽ ആയിരിക്കയും ചെയ്യുന്നു.

ഗാനം

## കരുതുന്ന ദൈവം

ടി. കെ. മുസ്തഫ

നാഥനെന്നെ നടത്തിടുമേ
നാൾകൾതോറും തൻ കൃപയാൽ
പാപിയായ എന്നെത്തേടി
പാരിൽ വന്നൊരെൻ രക്ഷകൻ
പാപം ശാപം എല്ലാം നീക്കി
എന്നെ വീണ്ടെടുത്തവനാം
കണ്ണുനീരിൻ വേളകളിൽ
തണുപ്പിക്കുന്നെൻ ഹൃദയം

രോഗം ദുഃഖം ഏറിവന്നാൽ
ആശ്വസിപ്പിക്കുന്നവനാം
നാളെയെയോർത്തെന്റെ മനം
ലവലേശം കുലുങ്ങുകില്ല
നാഥൻ തരും നാൾകളെല്ലാം
തന്റെ വേല ചെയ്തിടും തൻ
വേല തീർത്തെൻ വീട്ടിലെത്തി
നിത്യകാലം വാണിടും ഞാൻ.

# QUEST 62

*(ഈ ലക്കം **QUEST** ലെ ചോദ്യങ്ങൾ 101 മുതൽ 150 വരെയുള്ള സങ്കീർത്തനങ്ങളിൽ നിന്നാണ്)*

1. ദൈവത്തിന്റെ ദയ ആരോടാണ് വലുതായിരിക്കുന്നത്?
2. അവ എന്റെ വായ്ക്കു തേനിലും നല്ലത്. ഏവ?
3. ഇരുമ്പു ചങ്ങലയിൽ കുടുങ്ങിയത് ആര്?
4. തമ്മിൽ ഇണക്കിയ നഗരമായി പണിതിരിക്കുന്നത് ഏതിനെ?
5. അമോര്യരുടെ രാജാവ് ആര്?
6. —— ഭൂമിയിൽ നിലനില്ക്കുകയില്ല.
7. യഹോവ ദൈവമായിരിക്കുന്ന ആരാണ് ഭാഗ്യമുള്ളത്?
8. ഭൂമി പിളർന്നു വിഴുങ്ങിയത് ആരെ?
9. ഇടിച്ചു കളവിൻ, അടിസ്ഥാനം വരെ അതിനെ ഇടിച്ചുകളവിൻ എന്ന് പറഞ്ഞത് ആര്?
10. —— സമാധാനത്തിനായി പ്രാർത്ഥിപ്പിൻ?
11. എന്നേക്കും ഓർമ്മയിൽ ഇരിക്കുന്നത് ആര്?
12. ന്യായപ്രമാണത്തോടു പ്രിയം ഉള്ളവർക്ക് എന്ത് ഉണ്ട്?
13. അവൻ പഞ്ഞിപോലെ —— പെയ്യിക്കുന്നു.
14. ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം ആരുടെ കൂടാരങ്ങളിൽ ഉണ്ട്?
15. ജീവനുള്ളതൊക്കെയും യഹോവയെ ——
16. ആര് ശാസിക്കുന്നത് തലയ്ക്കു എണ്ണ?
17. കാട്ടാടുകളുടെ സങ്കേതം എവിടെ?
18. എന്റെ അഭിഷിക്തന് ഒരു —— ഒരുക്കീട്ടുമുണ്ട്?
19. ബാധ നിർത്തലാക്കിയത് ആര്?
20. ശാന്തത വന്നതുകൊണ്ട് അവർ ——.

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 62–** ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2018 ഒക്ടോബർ 20-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:** **ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്**
**ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST – 61ശരി ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | നമസ്കരിപ്പിൻ | സങ്കീ. 96:9 |
| 2. | മത്സരികൾ | സങ്കീ. 68:6 |
| 3. | അഹങ്കാരികളെ | സങ്കീ. 73:6 |
| 4. | നീതിയും, സമാധാനവും | സങ്കീ. 85:10 |
| 5. | സങ്കീ.56 | സങ്കീ. 56 |
| 6. | മായ | സങ്കീ. 94:11 |
| 7. | നീതിമാൻ | സങ്കീ. 58:10 |
| 8. | ഏഥാൻ | സങ്കീ. 89:2 |
| 9. | ഭൂമിയിൽ നിന്നും | സങ്കീ. 85:11 |
| 10. | ആസാഫ് | സങ്കീ. 77:3 |
| 11. | നിരന്തരം | സങ്കീ. 52:1 |
| 12. | തേരും, കുതിരയും | സങ്കീ. 76:6 |
| 13. | യെഹൂദാനഗരങ്ങളെ | സങ്കീ. 69:35 |
| 14. | എളിയവനും, അനാഥനും | സങ്കീ. 82:3 |
| 15. | സീയോനിൽ | സങ്കീ.53:16 |
| 16. | ദുഷ്ടന്മാർ | സങ്കീ. 94:4 |
| 17. | കണ്ണുനീർ താഴ്വര | സങ്കീ. 84:6 |
| 18. | ആയുധം ധരിച്ച വില്ലാളികളായ എഫ്രയീമ്യർ | സങ്കീ. 78:9 |
| 19. | യഹോവയുടെ സന്നിധിയിൽ | സങ്കീ. 97:5 |
| 20. | നീതിമാൻ | സങ്കീ. 92:12 |

Published by Smt. Annamma C. John, Good News, Akkulam Road, Trivandrum 695011